# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ടി.എസ്.ആർ(പി.4)1384/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 10/11/2025
ഇ-മെയിൽ:
dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.4)1384/2025 തീയതി: 10/11/2025

## തൃശൂർ ജില്ലയിലെ ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-06-2024 മുതൽ 25-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് കെ. കെ. | ജോയിന്റ് ഡയറക്ടർ | 26-09-2025 | 03-10-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-09-2025 | 03-10-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മീര ടി, (ഓഡിറ്റ് ഓഫീസർ)
ജീജോ ജോബ്, (സീനിയർ ഗ്രേഡ് ഓഡിറ്റർ)
അനീറ്റ ഡൊമിനിക്, (സീനിയർ ഗ്രേഡ് ഓഡിറ്റർ )
ഷീഗ സി.കെ, (ഓഡിറ്റർ)
പ്രജുല ഇ.ബി, (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആഷിദ | പ്രസിഡന്റ് | 01-04-2024 | 10-11-2024 |
| കുഞ്ഞഹമ്മദ് വി. എം. | പ്രസിഡന്റ് | 11-11-2024 | 28-11-2024 |
| നഫീസക്കുട്ടി വലിയകത്ത് | പ്രസിഡന്റ് | 29-11-2024 | 31-03-2025 |
| ധനേഷ് ബി. | സെക്രട്ടറി | 01-04-2024 | 11-09-2024 |
| ദിലീപ് കുമാർ കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-09-2024 | 24-09-2024 |
| വർഗ്ഗീസ് സി. എ. | സെക്രട്ടറി | 25-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നൈന ബേബി | പട്ടികജാതി വികസന ഓഫീസർ | 01-04-2024 | 02-02-2025 |
| അരുൺ ജ്യോതി ജെ. ആർ. | പട്ടികജാതി വികസന ഓഫീസർ | 03-02-2025 | 31-03-2025 |
| സനിൽ കുമാർ എം. വി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) | 01-04-2024 | 31-03-2025 |
| രോഹിണി സുരേഷ് | അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) - ഇൻചാർജ് | 01-04-2024 | 26-04-2024 |
| ഷിധി എൻ. വി. | അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) | 27-04-2024 | 31-03-2025 |
| ഡോ. നിത ടി. ജി. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2024 | 31-03-2025 |
| വിധു വി. എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| മനോജ് ടി. | വ്യവസായ വികസന ഓഫീസർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| യമുന കെ. | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2024 | 06-07-2024 |
| പ്രത്യുഷ | ശിശു വികസന പദ്ധതി ഓഫീസർ | 07-07-2024 | 14-07-2024 |
| ബീന പരോൾ | ശിശു വികസന പദ്ധതി ഓഫീസർ | 15-07-2024 | 31-03-2025 |
| മനോജ് എ. എൻ. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2024 | 31-05-2024 |
| ഫാജിത റഹ്മാൻ | കൃഷി ഓഫീസർ (ഇൻചാർജ്) | 01-06-2024 | 18-08-2024 |
| സബീന പരീദ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 19-08-2024 | 31-03-2025 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി | 1-1-1 |
| 3 | മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്യില്ല | 1-1-2 |
| 4 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | വാർഷിക ധനകാര്യപത്രികയിലെയും സുലേഖ സ്റ്റേറ്റ്മെന്റിലെയും ചെലവ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-4 |
| 6 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-6 |
| 8 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-7 |
| 9 | വാർഷിക കണക്കും ഡിസിബി രജിസ്റ്റർ എന്നിവ പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-9 |
| 11 | Prior Period - ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | ഫണ്ട് വിനിയോഗം | 1-3 |
| 14 | പദ്ധതി അവലോകനം | 1-4 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-5 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 17 | വാടക രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകങ്ങൾ-കുടിശ്ശിക ഈടാക്കി വിവരം അറിയിക്കണം | 1-7 |
| 18 | ചെക്ക് ഇഷ്യൂ രജിസ്റ്റർ അപാകങ്ങൾ | 1-8 |
| 19 | ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിന് അർഹതപ്പെട്ട നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾഅറിയിക്കേണ്ടതാണ് | 1-9 |
| 20 | പട്ടികജാതി വിദ്യാർത്ഥികളുടെ പഠനമുറി പൂർത്തീകരണം - ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-10 |
| 21 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-11 |
| 22 | സി.ഡി.പി.ഒ. നിർവ്വഹണം നടത്തിയ പദ്ധതിയിൽ തനത് ഫണ്ടിൽ നിന്നുള്ള ചെലവ് പൂർണ്ണമായി സുലേഖ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല | 1-12 |
| 23 | സെക്രട്ടറിയുടെ പ്രോജക്ടുകൾ - തനത് ഫണ്ട് ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-13 |
| 24 | സൗരോർജ്ജ സംവിധാനം ഒരുക്കൽ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-14 |
| 25 | പ്രോജക്റ്റുകളുടെ പൂർത്തീകരണരേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-15 |
| 26 | വിവരസാങ്കേതികവിദ്യാ ഉപകരണങ്ങൾ വാങ്ങൽ - അപാകങ്ങൾ | 1-16 |
| 27 | ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെടാത്ത പ്രോജക്റ്റ് നടപ്പിലാക്കി - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-17 |
| 28 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ - മരുന്നുകൾ / ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായില്ല | 1-18 |
| 29 | വാങ്ങലുകളിലെ അപാകങ്ങൾ | 1-19 |
| 30 | കടപ്പുറം സി.എച്ച്.സി.യിൽ ജനറേറ്റർ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-20 |
| 31 | സിഎച്ച്സികളിൽ ഗ്രേ വാട്ടർ സംസ്കരണ സംവിധാനം -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-21 |
| 32 | ചാവക്കാട് ക്ഷീര വികസന ഓഫീസിന് കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ- അളവ് തെറ്റായി രേഖപ്പെടുത്തിയതിനാൽ അധികതുക നൽകി | 1-22 |
| 33 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം. | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ചാവക്കാട് ക്ഷീര വികസന ഓഫീസിന് കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ- അളവ് തെറ്റായി രേഖപ്പെടുത്തിയതിനാൽ അധികതുക നൽകി | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| | **അനുബന്ധം** | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 28.06.2025 ലെ 2(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 28.06.2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചാവക്കാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2025-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 10.11.2025**

**ജോയിന്റ് ഡയറക്ടർ**

## 1-1-1 ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 പ്രകാരം താഴെ ചേർക്കുന്ന ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

| Head Of Account | Amount |
|---|---|
| 410300101-Roads - Cement Concrete | 1,65,771 |
| 410300102- Roads Tarred | 78,78,624 |
| 410300103- Roads Metal | 58,72,682 |
| 410300104-Roads Gravel | 7,98,909 |
| 410300105-Roads Earthern | 18,20,680 |
| 410300301-Culverts | 42,04,021 |
| 410300302-Bridges | 11,412 |
| 410400101-Drinking Water- Sources | 12,29,850 |
| 410400103-Drinking Water- Pipe Lines | 97,353 |

മേൽ സൂചിപ്പിച്ചവ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ അല്ലാത്തതിനാൽ വാർഷിക കണക്കിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 14/3.10.25)

## 1-1-2 മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല

**എ)** മെഡിക്കൽ ഓഫീസർ സി.എച്ച്.സി. 2024-25 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് തുക മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും സാധനങ്ങൾ ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
(ഓഡിറ്റ് എൻക്വയറി നമ്പർ 14/3.10.25)

<table>
<tr><th>പ്രൊജക്ട് നമ്പരും പേരും</th><th>തുക</th><th>വൗച്ചർ നമ്പർ / തീയതി</th><th>ലഭ്യമായ മരുന്നിന്റെ വില</th><th>ലഭിക്കാനുള്ള മരുന്നിന്റെ വില</th><th>ഫണ്ട്</th><th>ചെലവ് ബുക്ക് ചെയ്ത ശീർഷകം</th></tr>
<tr><td rowspan="3">1.സി.എച്ച്.സി.വടക്കേക്കാട് കടപ്പുറം മരുന്ന് വാങ്ങൽ ജീവിത ശൈലിരോഗ നിയന്ത്രണം- (90/25)</td><td>2,39,344</td><td>22400766/ 20-12-2024</td><td>1,08,733</td><td>1,30,611</td><td rowspan="4">Maintenance Fund - Non-Road-Assets</td><td rowspan="4">251200401-Medicines General</td></tr>
<tr><td>2,81,767</td><td>22400765/ 20-12-2024</td><td>1,22,809</td><td>1,58,958</td></tr>
<tr><td>3,00,000</td><td>22400848/ 10-03-2025</td><td>1,62,400</td><td>1,37,600</td></tr>
<tr><td>2. വടക്കേക്കാട് കടപ്പുറം സി.എച്ച്.സി.കൾക്ക് മരുന്ന് വാങ്ങൽ - സ്പിൽ ഓവർ (148/25)</td><td>4,08,282</td><td>22400696 / 07-09-2024</td><td>2,31,854</td><td>1,76,428</td></tr>
</table>

| | | | | | | |
|---|---|---|---|---|---|---|
| 3. വടക്കേക്കാട് കടപ്പുറം സി.എച്ച്.സി.കൾക്ക് മരുന്നുവാങ്ങൽ (89/25) | 2,00,000 | 22400849/ 10.03.25 | 65,056 | 1,34,944 | | |

**ബി)** 2024-25 വർഷത്തിൽ ANERTഎന്ന സ്ഥാപനത്തിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മാത്രമല്ല, മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഉദാഹരണം താഴെ ചേർക്കുന്നു.
(ഓഡിറ്റ് എൻക്വയറി നമ്പർ 14/3.10.25)

| നിർവ്വഹണ ഏജൻസി | പ്രൊജക്ട് നമ്പറും പേരും | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ഫണ്ടിനം | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ചെലവ് ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|---|
| ANERT | 96/25 – കടപ്പുറം, വടക്കേക്കാട് സി.എച്ച്.സി.കളിൽ സൗരോർജ്ജ സംവിധാനം ഒരുക്കൽ | 22400900/ 19.03.2025 | 9,90,000 | മെയിന്റനൻസ് ഫണ്ട് -റോഡിതരം | 412010101 | 460500501-Advance To Implementing Officers |

## 1-1-3 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി ലഭിച്ച തുകകളിൽ ചെലവഴിക്കാത്ത തുകകളുടെ നീക്കിയിരിപ്പും ടി തുകകൾ സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പും തുല്യമാകേണ്ടതുണ്ട്. എന്നാൽ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ടി ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടുകളുടെ ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ശീർഷകം | ഷെഡ്യൂൾ ബി-4 പ്രകാരമുള്ള നീക്കിയിരിപ്പ് | ഹെഡ് കോഡ് / ബാങ്ക് അക്കൗണ്ട് നമ്പർ | ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| 320200111-Development Fund-Central Finance Commission Grant-Tied | 35,61,932 | 450650104 – BANK OF BARODA (A/C No : 15901000015350) | 87,94,248 |
| 320200112-Development Fund-Central Finance Commission Grant-Un Tied Fund | 27,86,366 | | |
| ആകെ | 63,48,298 | | |
| 320900101-Nirmal Puraskar | 31,161 | 450630101 – The Guruvayur Co—Operative Urban Bank (A/C No:103100050003650) | 7,50,683 |

## 1-1-4 വാർഷിക ധനകാര്യപത്രികയിലെയും സുലേഖ സ്റ്റേറ്റ്മെന്റിലെയും ചെലവ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു

| ഫണ്ടിനം | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം | AFS പ്രകാരം | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് - CFC | 88,61,574 | 88,90,746 | 29,172 |
| Other Revenue Grant (ഹെൽത്ത് ഗ്രാന്റ്) | 10,23,966 | 10,00,721 | 23,245 |

(ഓഡിറ്റ് എൻക്വയറി നമ്പർ 14/3.10.2025)

## 1-1-5 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6,13,869 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 85,39,188 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-6 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-1-7 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-1-8 വാർഷിക കണക്കും ഡിസിബി രജിസ്റ്റർ എന്നിവ പൊരുത്തപ്പെടുന്നില്ല

2024-25 സാമ്പത്തിക വർഷത്തിലെ വാടക രജിസ്റ്റർ, ലേലം രജിസ്റ്റർ എന്നിവ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക കണക്കുമായി യോജിക്കുന്നില്ല.

| **വാടക** | ഡിമാൻഡ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|

| | | | |
|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | 62,304 | 59,312 | 5,192 |
| രജിസ്റ്റർ പ്രകാരം | 52,800 | 48,400 | 4,400 |
| **ലേലം** | ഡിമാൻഡ് | കളക്ഷൻ | ബാലൻസ് |
| വാർഷിക കണക്ക് പ്രകാരം | 36,045 | 36,045 | 0 |
| രജിസ്റ്റർ പ്രകാരം | 63,822 | 63,822 | 0 |

## 1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-10 Prior Period - ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Items” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2025 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280800301-Prior Period-Operations And Maintenance Expenses | 2,20,212 |

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 8.2.24 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 28,86,88,879 | 28,62,36,134 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തിയതി | 12.8.25 | |
| കമ്മിറ്റി തീരുമാനം | 11(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 27,75,74,699 | 27,63,49,748 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 0 | 2,84,22,000 | 2,84,22,000 | 2,84,22,000 | 0 |
| വികസന ഫണ്ട് – എസ്.സി.പി. | 0 | 88,38,000 | 88,38,000 | 86,24,297 | 2,13,703 |
| വികസന ഫണ്ട് –ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ റോഡ് | 0 | 1,32,05,000 | 1,32,05,000 | 1,16,44,212 | 15,60,788 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Tied (ബാങ്ക് ) | 24,54,014 | 69,83,500 | 94,37,514 | 62,51,562 | 31,85,952 |
| സി.എഫ്.സി. ടൈഡ് (സഞ്ചിത നിധി) | 0 | 1,73,960 | 1,73,960 | 0 | 1,73,960 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Untied (ബാങ്ക് ) | 11,13,087 | 47,89,477 | 59,02,564 | 26,39,184 | 32,63,380 |
| സി.എഫ്.സി. അൺ ടൈഡ് (സഞ്ചിത നിധി) | 0 | 21,490 | 21,490 | 0 | 21,490 |

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 155 | 11,52,94,068 | 102 | 6,89,01,622 | 59.8% | 65.8% |

.

## 1-5 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.09.2025 തീയതിയിൽ 03.55PM-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 വാടക രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകങ്ങൾ-കുടിശ്ശിക ഈടാക്കി വിവരം അറിയിക്കണം

ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിൽ രണ്ടു കടമുറികളും ഒരു ഹാളുമാണ് വാടകയ്ക്ക് നൽകി വരുന്നത്. വാടക രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ് (TSB അക്കൗണ്ട്), വാടക വരവ് രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ (ചെക്ക് ഇഷ്യൂ രജിസ്റ്റർ) എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1. വാടക രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിൽ കട മുറികളുടെ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിൽ കുടിശ്ശിക വിവരം രേഖപ്പെടുത്തിയിട്ടില്ല. 2024-25-ൽ ലഭിച്ച വാടകയിനത്തിലെ

വരവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് അപൂർണമാണ്. (ചെക്ക് ഇഷ്യൂ രജിസ്റ്റർ)

2. 01.08.2023-നു ഷീജ കെ. വി., വലിയപറമ്പിൽ (H), മണത്തല എന്നയാളിൽ നിന്നും 15,000 രൂപ മുൻകൂർ വാങ്ങി ഒരു കടമുറി വാടകക്ക് നൽകിയിരുന്നു. എന്നാൽ ലൈസൻസ് ലഭിക്കാതിരുന്നതിനാൽ ഇവർക്ക് സംരംഭം തുടങ്ങാൻ കഴിയാത്ത സാഹചര്യത്തിൽ ബ്ലോക്ക് കമ്മിറ്റിയുടെ 18.01.2024-ലെ ഭരണസമിതിയുടെ 3(2) തീരുമാനപ്രകാരം 3 മാസത്തെ വാടക ഒഴിവാക്കി നൽകി. 2023-24 വർഷത്തെ വാടക രജിസ്റ്ററിൽ ഡിമാൻഡ് രേഖപ്പെടുത്തിയിരിക്കുന്നത് ഈ മൂന്ന് മാസങ്ങൾ കൂടി ഉൾപ്പെട്ട തുകയായ 13,200 രൂപയാണ്. (2200x6=13200). ഇവർ ഒക്ടോബറിൽ മാത്രമേ വാടക അടച്ചിട്ടുള്ളൂ. ബാക്കി അടവാക്കേണ്ട 11,000 രൂപയിൽ മേൽ തീരുമാനപ്രകാരം മൂന്നു മാസത്തെ തുക ഒഴിവാക്കുമ്പോൾ [13,200-2200=11000-6600 (2200x3 മാസം) =4400] 2023-24 വർഷത്തിൽ യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന വാടക തുക 4,400 രൂപയാണ്. എങ്കിലും ഈ തുക അടവാക്കിയിട്ടില്ല. എന്നാൽ രജിസ്റ്ററിൽ ഈ തുക കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടില്ല. ഈ കെട്ടിട മുറിയ്ക്ക് തൻവർഷത്തിലും 4,400 രൂപ കുടിശ്ശികയുള്ളതായി കാണുന്നു. വാടക രജിസ്റ്ററിൽ ശരിയായ വിധത്തിൽ രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ വാർഷിക കണക്കിലെ ഈയിനത്തിലെ വരവു തുകയുമായി വ്യത്യാസമുള്ളതായി കണ്ടു. ഇക്കാര്യം ഖണ്ഡിക 1-1-8-ൽ പരാമർശിച്ചിട്ടുണ്ട്. കുടിശ്ശിക കണക്കാക്കി അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ അപാകങ്ങൾക്കു വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 06/02.10.2025) മറുപടി ലഭ്യമായിട്ടില്ല.
രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. വാടക പൂർണ്ണമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-8 ചെക്ക് ഇഷ്യൂ രജിസ്റ്റർ അപാകങ്ങൾ

ട്രഷറി സേവിങ്സ് ബാങ്ക് സ്റ്റേറ്റ്മെന്റ് - ചെക്ക് ഇഷ്യൂ രജിസ്റ്ററുമായി ഒത്തു നോക്കി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ 04.06.24 മുതൽ 26.06.24 വരെ നടത്തിയിട്ടുള്ള രേഖപ്പെടുത്തലുകളിൽ വന്നിട്ടുള്ള അപാകങ്ങൾ.

| തിയ്യതി | നിക്ഷേപം | ചെക്ക് നം. | തുക പിൻവലിക്കൽ | ബാലൻസ് രൂപ (Actual) | ചെക്ക് ഇഷ്യൂ രജിസ്റ്ററിലെ ബാലൻസ് |
|---|---|---|---|---|---|
| 20.05.24 | ബാലൻസ് | | | 85,55,725.00 | 85,55,725.00 |
| 04.06.24 | | 111196 | 133,350.00 | 8422,375.00 | 8422375.00 |
| 04.06.24 | | 111197 | Cancelled | | |
| 04.06.24 | | 111198 | 75,428.00 | 8346,947.00 | 8351,947.00 |
| 06.06.24 | | 111199 | 36,000.00 | 8310,947.00 | 8315,947.00 |
| 07.06.24 | | 111200 | 41,871.00 | 8269,076.00 | 8274,076.00 |
| 06.06.24 | 2596.00 | | | 8271,672.00 | 8276,672.00 |
| 11.06.24 | | 111901 | 41,125.00 | 8230,547.00 | 8235,547.00 |
| 13.06.24 | | 111902 | 46,350.00 | 8184,197.00 | 8189,197.00 |
| 12.06.24 | 2596.00 | | | 8186,793.00 | 8189,197.00 |
| 19.06.24 | | 111903 | 12,832.00 | 8173,961.00 | 8176,365.00 |
| 26.06.24 | 32777.00 | | | 8206,738.00 | 8206,738.00 |

2. 29.11.24 മുതൽ 31.03.25 വരെ ടി.എസ്.ബി. അക്കൗണ്ടിൽ വരവു വന്നിട്ടുള്ള ചില നിക്ഷേപങ്ങൾ ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു:

| തിയ്യതി | ട്രാൻസേഷൻ ഐഡി | നിക്ഷേപത്തുക |
|---|---|---|
| 29.11.24 | 13534/26.11.24 | 7338.00 |
| 30.11.24 | 503110/30.11.24 | 659800.00 |
| 03.12.24 | 18917/03.12.24 | 2600.00 |
| 17.12.24 | 500426/17.12.24 | 2102.00 |
| 21.12.24 | 507645/21.12.24 | 7403.00 |

അപാകതകൾ പരിഹരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ : 12/03.10.2025)

## 1-9 ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിന് അർഹതപ്പെട്ട നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾഅറിയിക്കേണ്ടതാണ്

(ഫയൽ നം. BP-795/22, BP-521/25)

ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചാവക്കാട് താലൂക്ക്, മണത്തല വില്ലേജ് സർവ്വെ നമ്പർ 258/2B-5A-യിൽ 0.0332 ഹെക്ടർ ഭൂമിയും ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനമന്ദിരത്തിന്റെ പ്രധാനഭാഗവും ദേശീയപാത-66 വികസനത്തിന്റെ ഭാഗമായി ഏറ്റെടുത്തിട്ടുള്ളതാണ്. ലാൻഡ് അക്വിസിഷൻ കോമ്പിറ്റന്റ് അതോറിറ്റി NH-66 & ഡെപ്യൂട്ടി കളക്ടറുടെ 16-12-2022 ലെ 1/2021-C2/MAN/013068/2022 നമ്പർ നടപടിക്രമ പ്രകാരം കെട്ടിടത്തിന്റെ ആകെ നഷ്ടപരിഹാരത്തുകയായി 1,26,14,816.14 രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. ബഹു. കേരള ഹൈക്കോടതിയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടും സെക്രട്ടറിയും ഫയൽ ചെയ്ത W.P (C) 721/2023-ൽ 2025 മാർച്ച് 4-ന് പുറപ്പെടുവിച്ച കോടതി വിധിന്യായപ്രകാരം നഷ്ടപരിഹാരത്തുക ലഭിക്കുന്നതിന് സർക്കാരിനെ സമീപിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുക അടിയന്തിരമായി ലഭ്യമാക്കുന്നതിന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയ്ക്ക് 07-04-2025, 07-05-2025 എന്നീ തീയതികളിൽ BP-521/2025 നമ്പർ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിനെത്തുടർന്ന് നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനമന്ദിരത്തിന്റെ കെട്ടിടനിർമ്മാണത്തിനായി പദ്ധതിവിഹിതം വകയിരുത്തിയിട്ടുണ്ടോ എന്നറിയിക്കുന്നതിന് ബഹു.അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 24-05-2025ലെ കത്ത് നം.ഡി.ബി.1/184/2025-LSGD കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനമന്ദിരത്തിന്റെ കെട്ടിടനിർമ്മാണത്തിനായി പദ്ധതിവിഹിതം വകയിരുത്തിയിട്ടില്ല എന്ന വിവരം 21-06-2025-ലെ BP-521/2025 നമ്പർ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബഹു. അഡീഷണൽ ചീഫ് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

ഈ വിഷയത്തിലെ തൽസ്ഥിതി വിവരം ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി -19/3.10.25).

## 1-10 പട്ടികജാതി വിദ്യാർത്ഥികളുടെ പഠനമുറി പൂർത്തീകരണം - ലക്ഷ്യം കൈവരിച്ചിട്ടില്ല

പ്രോജക്ട് നമ്പർ- 105/25

നിർവഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ

അടങ്കൽത്തുക – 4,30,000

ചെലവ് - 4,00,000

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 22400620 | 13-5-2024 | 80,000 |
| 2 | 22400621 | 13-5-2024 | 80,000 |
| 3 | 22400622 | 13-5-2024 | 30,000 |
| 4 | 22400623 | 13-5-2024 | 60,000 |
| 5 | 22400678 | 20.07.24 | 30,000 |
| 6 | 22400773 | 31.12.24 | 60,000 |
| 7 | 22400809 | 20.02.25 | 30,000 |
| 8 | 22400934 | 25.03.2025 | 30,000 |

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിനായി വീടിനോടനുബന്ധിച്ച് പഠനമുറി പണിതു നൽകുന്നതാണ് മേൽ പദ്ധതി. 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത നിലവിലുള്ള വീടിനോടു ചേർന്ന് പരമാവധി 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറിയാണ് നിർമ്മിച്ചു നൽകുന്നത്. ധനസഹായ തുക 2 ലക്ഷം രൂപയാണ്. മേൽ പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താവിന് തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക/തീയതി |
|---|---|---|
| 1 | ബാലകൃഷ്ണൻ.എ.സി<br>അച്ചുപ്പുള്ളി ഹൗസ്<br>എടക്കഴിയൂർ | 30,000 (29.12.23)<br>60,000 (1.02.24)<br>80,000 (29.02.24) |

മേൽപ്പറഞ്ഞ വ്യക്തി നാളിതുവരെ പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. ആയതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2025 ഒക്ടോബർ 31-ന് മുൻപ് പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ച് ആയതിന്റെ രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 16/3.10.25).

## 1-11 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ചൈൽഡ് ഡെവലപ്‌മെന്റ് പ്രൊജക്റ്റ് ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾ മുഖേനെ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് താഴെ സൂചിപ്പിച്ച പ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 17/3.10.25).

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ /പേര് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായത് | | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവാത്തത് | | |
|---|---|---|---|---|---|---|---|
| | | ഗ്രാമ പഞ്ചായത്ത് | തുക | വൗച്ചർ നമ്പർ / തീയതി | ഗ്രാമ പഞ്ചായത്ത് | തുക | വൗച്ചർ നമ്പർ / തീയതി |
| 1 | **106/25(മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് -ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ)**<br>അടങ്കൽത്തുക – 88,900<br>ചെലവ് - 38,400 | പുന്നയൂർക്കുളം | 4,400 | 22400760/ 17-Dec-2024 | വടക്കേക്കാട് | 10,000 | 22400724/ 12.12.24 |
| | | | | | കടപ്പുറം | 24,000 | 224009085/ 21.03.25 |
| 2 | **പ്രോജക്ട് നമ്പർ- 38/25 (മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകൽ – ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ)**<br>അടങ്കൽ തുക – 3,98,780<br>ചെലവ്-50,000 വികസന ഫണ്ട് ജനറൽ | - | - | - | ഒരുമനയൂർ | 50,000 | 22400864/ 13.12.2024 |
| 3 | **പ്രോജക്ട് നമ്പർ- 30/25 (അനുപൂരക പോഷകാഹാരം – ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ)**<br>അടങ്കൽത്തുക – 11,00,000<br>ചെലവ് - 8,35,687- വികസന ഫണ്ട് ജനറൽ | പുന്നയൂർക്കുളം | 2,48,259 | 22400722/ 12.12.24 | കടപ്പുറം | 89,617 | 22400863/ 13.03.25 |
| | | ഒരുമനയൂർ | 2,52,406 | 22400825/ 6.03.25 | വടക്കേക്കാട് | 35,757 | 22400723/ 12.12.24 |
| | | | | | | 2,09,648 | 22400895/ 18.03.25 |

പഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് .

## 1-12 സി.ഡി.പി.ഒ. നിർവ്വഹണം നടത്തിയ പദ്ധതിയിൽ തനത് ഫണ്ടിൽ നിന്നുള്ള ചെലവ് പൂർണ്ണമായി സുലേഖ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല

ചൈൽഡ് ഡവലപ്പ്മെന്റ് ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്റ്റ് നം.33/25 ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്നതിനായി 7,67,200 രൂപ തനത് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. എന്നാൽ മേൽ തുകയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ 6,01,000 രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 1,66,200 രൂപയുടെ ചെലവ് സുലേഖയിൽ ഉൾപ്പെടാത്തതിനുള്ള

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (എൻക്വയറി നമ്പർ 15/3.10.25).

| പ്രോജക്ട് | അടങ്കൽ | യഥാർത്ഥ ചെലവ് | സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവ് |
|---|---|---|---|
| 33/25 ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | വികസനഫണ്ട് ജനറൽ: ₹11,00,000<br>തനത്ഫണ്ട്: ₹16,00,000 | വികസനഫണ്ട് ജനറൽ: ₹10,93,210<br>തനത്ഫണ്ട്: ₹7,67,200<br>**തനത് ഫണ്ട് വൗച്ചർ നമ്പർ** :<br>22400553/8.02.25-₹58500<br>22400554/28.02.25 – ₹4,00,000<br>22400583/13.03.25 – ₹58,200<br>22400593/19.03.25 – ₹28,500<br>22400594/19.03.25 – ₹54,000<br>22400597/24.03.25 – ₹1,14,000<br>*54,000 (വൗച്ചർ നമ്പർ ലഭ്യമല്ല – ചെലവ് ബാങ്ക് ബുക്കിൽ വന്നിട്ടില്ല ) | വികസന ഫണ്ട് ജനറൽ: ₹10,93,210<br>തനത്ഫണ്ട്: ₹6,01,000 |

## 1-13 സെക്രട്ടറിയുടെ പ്രോജക്ടുകൾ - തനത് ഫണ്ട് ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ കൊടുത്തിട്ടുള്ള പ്രോജക്ട് പ്രകാരമുള്ള ചെലവുകൾ സുലേഖ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| പ്രോജക്ട് | അടങ്കൽ | യഥാർത്ഥ ചെലവ് | സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവ് | അപാകങ്ങൾ |
|---|---|---|---|---|
| 142/25 കാൻ തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | **₹86567**<br>വികസനഫണ്ട് ജനറൽ -₹28324<br>തനത്ഫണ്ട് - ₹58243 | 24435+58243 = **₹82678** | **₹24435**<br>വൗച്ചർ നം. 22400752/ 13.12.2024 -₹6288<br>വൗച്ചർ നം. 22400911/ 21.03.2025-₹18147 | എഫ്. എച്ച്. സി അണ്ടത്തോട്, പുന്നയൂർക്കുളം -ന് 58243 രൂപ നൽകി യത് സംബന്ധിച്ച രേഖകൾ ഫയലിൽ ഉണ്ട്. എന്നാൽ പ്രസ്തുത തുക 2024-25 വർഷം നൽകിയതിന്റെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ചെലവായതായി സുലേഖയിൽ കാണിച്ചിട്ടുള്ള തുകയ്ക്ക് (24435/-) രേഖകളില്ല. |
| 46/25 – പള്ളിപ്പുറം റോഡ് കോൺഗ്രീറ്റിംഗ് വാർഡ് 6 14 – വടക്കേക്കാട് ഗ്രാമപഞ്ചായത്ത് ബ്ലോക്ക് വിഹിതം നൽകൽ | ₹510000<br>തനത് ഫണ്ട് | ₹487335 | 0 | പ്രോജക്ട് പ്രകാരമുള്ള ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. |

ഇപ്രകാരം സുലേഖ പത്രികയിൽ ചെലവ് ഉൾപ്പെടാത്തതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/02.10.2025) മറുപടി ലഭ്യമാക്കിയില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 സൗരോർജ്ജ സംവിധാനം ഒരുക്കൽ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിനിയോഗ വിവരം, കൈപ്പറ്റ് രസീത്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് | അടങ്കൽ | ചെലവ് | കൈപ്പറ്റിയ ഏജൻസി |
|---|---|---|---|
| 96/25 – കടപ്പുറം, വടക്കേക്കാട് സിഎച്ച്സികളിൽ സൗരോർജ്ജ സംവിധാനം ഒരുക്കൽ | 10,00,000<br>മെയിന്റനൻസ് ഫണ്ട് - റോഡിതരം | 9,90,000<br>വൗച്ചർ നം.2,24,00,900/ തീയതി. 19.03.2025 | ഡിസ്ട്രിക്റ്റ് എഞ്ചിനീയർ അനർട്ട്, തൃശ്ശൂർ |

19.04.2022-ലെ സ.ഉ. (കൈ) നം.84/2022/ത.സ്വ.ഭ.വ., ഖണ്ഡിക 12.2 (ഡി) (Iv) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ വേണ്ട തുടർപ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിയ്ക്കേണ്ടതാണ്. ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണപുരോഗതി ഡി.പി.സി. പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസിയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

പ്രോജക്റ്റ് പൂർത്തീകരിച്ച് പ്രവർത്തന സജ്ജമായിട്ടുണ്ടോ എന്ന വിവരം അറിയിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി-4/29.09.2025)

## 1-15 പ്രോജക്റ്റുകളുടെ പൂർത്തീകരണരേഖകൾ ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ താഴെ കൊടുത്തിരിക്കുന്ന പ്രോജക്റ്റുകളുടെ പൂർത്തീകരണ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

1) പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്റ്റ് | ഫണ്ട് | അടങ്കൽ (₹) | ചെലവ് (₹) | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 45/25 – മർഹൂം അലിക്കോയ റോഡ് കോൺക്രീറ്റിംഗ് പുന്നയൂർ വാർഡ് 16 ബ്ലോക്ക് വിഹിതം നൽകൽ | വികസന ഫണ്ട് - ജനറൽ | 6,00,000 | **6,00,000** വൗച്ചർ നം. 22400845/ 10.03.2025 | വിനിയോഗസാക്ഷ്യപത്രം, ഫൈനൽ ബിൽ, TR-59(E) ബിൽ |
| 75/25 – കൊച്ചന്നൂർ കുളം സൈഡ് കെട്ടി സംരക്ഷണം വാർഡ് 6 വടക്കേക്കാട് ബ്ലോക്ക് വിഹിതം നൽകൽ | ധനകാര്യ കമ്മീഷൻ അവാർഡ് | 11,99,500 | **4,64,960** | വിനിയോഗ സാക്ഷ്യപത്രം |
| 138/25 – സുനാമി റോഡ് ടാറിങ് വാർഡ് 19 പുന്നയൂർ ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | വികസന ഫണ്ട് - ജനറൽ | 6,00,000 | **4,97,138** വൗച്ചർ നം. 22400876/ 14.03.2025 | വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ |
| 140/25 – ഫ്രണ്ട്സ് റോഡ് അറ്റകുറ്റപ്പണി വട്ടേക്കാട് വാർഡ് 6 കടപ്പുറം ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | വികസന ഫണ്ട് - ജനറൽ | 6,00,000 | **6,00,000** വൗച്ചർ നം. 22400795/ 29.01.2025 -2,36,225/- വൗച്ചർ നം. 22400796/ 29.01.2025 -3,63,775 | വിനിയോഗ സാക്ഷ്യപത്രം, കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ പ്രോജക്റ്റ് , TR-59(E) ബിൽ, ഫൈനൽ ബിൽ |
| 162/25 –സബർമതി റോഡ് വാർഡ് 1 കടപ്പുറം ഗ്രാമപഞ്ചായത്ത് ബ്ലോക്ക് വിഹിതം നൽകൽ | ധനകാര്യ കമ്മീഷൻ അവാർഡ്, മറ്റ് ഗ്രാമപഞ്ചായത്ത് | 5,00,000<br>10,000 | **4,50,301** | വിനിയോഗസാക്ഷ്യപത്രം |
| 43/25-കർണാട്ടയിൽ റോഡ് കോൺഗ്രീറ്റിംഗ് വാർഡ് 16 വടക്കേക്കാട് ഗ്രാമപഞ്ചായത്ത് ബ്ലോക്ക് വിഹിതം നൽകൽ | വികസന ഫണ്ട് - ജനറൽ, തനത് ഫണ്ട്, മറ്റ് ഗ്രാമപഞ്ചായത്ത് | 4,37,852<br>62,148<br>5,000<br>ആകെ 5,05,000 | **5,00,000** വൗച്ചർ നം. 22400913/ 21.03.2025- 4,37,852 | വിനിയോഗസാക്ഷ്യപത്രം |
| 71/25 – പുഴയോരം റോഡ് പൂർത്തീകരണം വാർഡ് 8 കടപ്പുറം ഗ്രാമപഞ്ചായത്ത് ബ്ലോക്ക് വിഹിതം നൽകൽ | ധനകാര്യ കമ്മീഷൻ അവാർഡ് | 5,00,000 | **5,00,000** | വിനിയോഗസാക്ഷ്യപത്രം, കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ പ്രോജക്റ്റ് |
| 115/25 – തറയിൽ റോഡ് ചെമ്മണ്ണൂർ വാർഡ് 7 പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | വികസന ഫണ്ട് - ജനറൽ | 5,00,000 | **5,00,000** വൗച്ചർ നം. 22400637/ 11.06.2024 | കരാർ, TR-59(E) ബിൽ |
| 117/25 – തക്ക് വ-യത്തീംഖാന റോഡ് ഫോർമേഷൻ വാർഡ് 19 ഗ്രാമപഞ്ചായത്ത് ബ്ലോക്ക് വിഹിതം നൽകൽ | വികസന ഫണ്ട് - ജനറൽ | 9,90,000 | **9,90,000** വൗച്ചർ നം. 22400670/ 08.07.2024 | കരാർ, TR-59(E) ബിൽ |
| 121/25 – നവയുഗം റോഡ് കുന്നത്തൂർ വാർഡ് 11 പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | വികസന ഫണ്ട് - ജനറൽ | 6,00,000 | **6,00,000** വൗച്ചർ നം. 22400750/ 12.12.2024 | കരാർ, TR-59(E) ബിൽ |

2) താഴെ കൊടുത്തിട്ടുള്ള പ്രോജക്റ്റുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

A) 97/25 – വൃക്ക രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിന് ധനസഹായം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ

ഫണ്ട് -വികസന ഫണ്ട് - ജനറൽ

അടങ്കൽ - ₹5,00,000

ചെലവ് - ₹38,650
വൗച്ചർ നം. 22400870/ 14.03.2025
ഒരുമനയൂർ ഗ്രാമപഞ്ചായത്തിന് നല്കിയ മേൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

B) 9/25 വൃദ്ധർക്ക് കട്ടിൽ - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ

ഫണ്ട് – വികസന ഫണ്ട് - ജനറൽ

അടങ്കൽ - ₹2,94,280

ചെലവ് - ₹2,41,179
വൗച്ചർ നം. 22400815/ 22.02.2025-₹46,184
വൗച്ചർ നം.22400894/ 18.03.2025-₹1,94,995
ഒരുമനയൂർ ഗ്രാമപഞ്ചായത്തിന് നല്കിയ മേൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി-18/03.10.2025)

## 1-16 വിവരസാങ്കേതികവിദ്യാ ഉപകരണങ്ങൾ വാങ്ങൽ - അപാകങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
|---|---|
| പ്രോജക്ട് | 155/25 ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രത്തിന് ആവശ്യമായ വിവര സാങ്കേതികവിദ്യാ ഉപകരണങ്ങൾ വാങ്ങൽ |
| ഫണ്ട് | ഹെൽത്ത് ഗ്രാന്റ് |
| അടങ്കൽ | ₹2,33,200/- |
| ചെലവ് | ₹1,37,400/- |
| വൗച്ചർ നം./തീയതി | 22400345/ 23.10.2024 |

ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രത്തിലേക്ക് ഹെൽത്ത് ഗ്രാന്റ് ചെലവഴിച്ച് GeM മുഖേന 2 ഡെസ്ക്ക്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം (GeM Contract, Invoice എന്നിവ പ്രകാരമുള്ള വിവരങ്ങൾ) | ഇൻവോയ്സ് നം./ തീയതി | കമ്പനിയുടെ പേര് | വില |
|---|---|---|---|
| Desktop HP 285-G8 (R5-5600G/16GB/512SSD/ITB HDD/WIN11 PRO) 5 Year Warranty SN:1n14120kq5, 1n14120kng | IT/24-25L48 / Dated 17.05.2024 | IT Professionals Co-Operative Society | 1,37,400 |

വാങ്ങൽ നടപടികളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) <u>ഡെസ്ക്ക്ടോപ്പുകൾ CPRCS ൽ ലഭ്യമല്ലെന്ന് ഉറപ്പു വരുത്തിയിട്ടില്ല</u>

കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും CPRCS (Centralised Procurement And Rate Contract System) മുഖേന വാങ്ങുന്നത് നിർബന്ധമാക്കി കൊണ്ടുള്ള ഐടി വകുപ്പിന്റെ സർക്കുലർ നമ്പർ ഐ.ടി സെൽ-1/26/2019/ വി.സ.വ. തീയതി 18-3-2019 പ്രകാരം സർക്കാർ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉൾപ്പെടെയുള്ള സ്വയംഭരണ/ പൊതുമേഖലാസ്ഥാപനങ്ങൾ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെൻട്രലൈസ്ഡ് പ്രൊക്യുർമെന്റ് സംവിധാനത്തിലൂടെ മാത്രമേ ഐടി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ. Www.Cprcs.Kerala.Gov.In എന്ന പോർട്ടലിൽ ലഭ്യമായ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ മുതലായവ വാങ്ങുന്നതിന് മറ്റു വാങ്ങൽ രീതികൾ അനുവദിക്കുന്നതല്ല എന്നും സർക്കുലറിൽ പറയുന്നു.
എന്നാൽ പ്രസ്തുത പോർട്ടലിൽ കമ്പ്യൂട്ടറുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ GeM-ൽ നിന്നും വാങ്ങൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. എന്നാൽ ടി പ്രോജക്റ്റ് നടപ്പിലാക്കുന്നതിനായി ഡെസ്ക്ക്ടോപ്പുകൾ CPRCS-ൽ ലഭ്യമല്ലെന്ന് ഉറപ്പു വരുത്താതെയാണ് GeM-ൽ നിന്നും ഡെസ്ക്ക്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്.

2) <u>നിരക്കുകൾ താരതമ്യം ചെയ്യാതെ വാങ്ങൽ നടപടികൾ സ്വീകരിച്ചു</u>

മേൽ പ്രൊജക്ട് പ്രകാരം 68,700/- രൂപ വീതം വിലയുള്ള രണ്ട് ഡെസ്ക്ക്ടോപ്പുകളാണ് വാങ്ങിയത്. സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 19.6 പ്രകാരം 50,000 രൂപ മുതൽ 10,00,000 രൂപ വരെയുള്ള വാങ്ങലുകൾക്ക് ബാധകമായ വാങ്ങൽ നടപടിക്രമമായ കുറഞ്ഞത് മൂന്നു നിർമ്മാതാക്കളുടെ നിരക്ക് താരതമ്യം ചെയ്തുള്ള വാങ്ങൽ രീതി അനുവർത്തിക്കേണ്ടതായിരുന്നു. GeM ൽ നിന്നും വാങ്ങൽ നടത്തിയപ്പോൾ കുറഞ്ഞത് മൂന്നു നിർമ്മാതാക്കളുടെ നിരക്ക് താരതമ്യം ചെയ്തതായി കാണുന്നില്ല. നിരക്കുകളുടെ Comparative Statement ഫയൽ ചെയ്തിട്ടില്ല. സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള വാങ്ങൽ നടത്തി എന്ന് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

3) <u>നിർദ്ദിഷ്ട മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല</u>

സർക്കുലർ നം. 86/2010/ഫിൻ തീയതി 24-09-2010 പ്രകാരം കമ്പ്യൂട്ടറുകൾ വാങ്ങുമ്പോൾ രേഖപ്പെടുത്തേണ്ട നിർദ്ദിഷ്ട മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള വാങ്ങൽ നടത്താതിരുന്നതിന് മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി-18/03.10.2025)

## 1-17 ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെടാത്ത പ്രോജക്റ്റ് നടപ്പിലാക്കി - ചെലവ് തുക തടസ്സപ്പെടുത്തുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
|---|---|
| പ്രോജക്ട് | 160/25 – കായികാധ്യാപകന് വേതനം നല്കൽ |
| ഫണ്ട് | തനത് ഫണ്ട് |
| അടങ്കൽ | 150000/- |
| ചെലവ് | 45000/- |
| വൗച്ചർ നം./തീയതി | 22400470/14.01.2025 -15,000/-<br>22400540/07.02.2025 -15,000/-<br>22400582/06.03.2025 – 15,000/- |

കായികാധ്യാപകന് വേതനം നല്കൽ എന്ന പ്രോജക്റ്റ് സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു:

1) പുന്നയൂർ ഗ്രാമപഞ്ചായത്തിലെ മന്ദലാംകുന്ന് ഗവ. ഫിഷറീസ് യു.പി. സ്കൂളിൽ കായികാധ്യാപകനെ നിയമിക്കുന്നത് സംബന്ധിച്ച് ഭരണസമിതി (തീരുമാനം 3/22.7.2024, തീരുമാനം നമ്പർ 3/10.09.2024) പ്രകാരം ചർച്ച ചെയ്യുകയും ഭരണസമിതി തീരുമാനം 1/17.10.2024 പ്രകാരം ശ്രീ. മുഹമ്മദ് റഫീലിനെ കായികാധ്യാപകനായി നിയമിക്കാൻ തീരുമാനിക്കുകയും ചെയ്തു. മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന സ്ഥാപനം എന്ന നിലയിലും ഗ്രൗണ്ട് സൗകര്യം പരിഗണിച്ചും ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കേണ്ട പദ്ധതി എന്നാണ് ഈ പ്രോജക്റ്റിനെ മിനിറ്റ്സിൽ വിശേഷിപ്പിച്ചിരിക്കുന്നത്. എന്നാൽ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം. 115/2022/LSGD തീയതി 28.05.2022 ലെ ഖണ്ഡിക 7.4.2 പ്രകാരം ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും ചുമതലയിലുള്ള അപ്പർ പ്രൈമറി/ഹൈസ്കൂൾ/ഹയർ സെക്കൻഡറി സ്കൂളുകളിൽ കായിക അധ്യാപകരില്ലെങ്കിൽ കരാർ അടിസ്ഥാനത്തിൽ ഒരു അധ്യയന വർഷം പരമാവധി 10 മാസ കാലയളവിലേക്ക് പ്രതിമാസം 15,000/- രൂപ ക്രമത്തിൽ നിയോഗിക്കാവുന്നതാണ് എന്ന് കാണുന്നു. ജില്ലാ പഞ്ചായത്ത്, നഗരഭരണ സ്ഥാപനങ്ങൾ എന്നിവ നടപ്പിലാക്കേണ്ട പ്രസ്തുത പ്രൊജക്റ്റ് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയതിന്റെ സാംഗത്യം വ്യക്തമാക്കുവാനും മേൽ പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് സർക്കാർ സാധൂകരണം ലഭ്യമായിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കുവാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/03.10.2025) മറുപടി ലഭ്യമാക്കിയില്ല. 18.10.2024 മുതൽ കായികാധ്യാപകനായി പ്രവർത്തിച്ചതിന് ശ്രീ. മുഹമ്മദ് റഫീൽ പി.എ.-ക്ക് 2024-25 വർഷത്തിൽ 45.000/- രൂപ നല്കിയിട്ടുണ്ട്.
ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെടാത്ത പ്രോജക്റ്റ് നടപ്പിലാക്കിയതിനാൽ ചെലവ് തുകയായ 45.000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകൾ - മരുന്നുകൾ / ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നടപ്പാക്കിയ വിവിധ പ്രൊജക്റ്റുകൾ പ്രകാരം മരുന്നുകളും മറ്റ് ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകളും ഉപകരണങ്ങളും നാളിതു വരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റിന്റെ പേരും നമ്പരും | സി.എച്ച്.സി.വടക്കേക്കാട് കടപ്പുറം മരുന്ന് വാങ്ങൽ ജീവിത ശൈലിരോഗ നിയന്ത്രണം- (90/25) | ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രത്തിന് സൗകര്യം മെച്ചപ്പെടുത്തൽ(156/25) | വടക്കേക്കാട് കടപ്പുറം സി.എച്ച്.സി.കൾക്ക് മരുന്ന് വാങ്ങൽ- സ്പിൽ ഓവർ (148/25) | വടക്കേക്കാട് കടപ്പുറം സി.എച്ച്.സി.കൾക്ക് മരുന്നുവാങ്ങൽ (89/25) |
|---|---|---|---|---|
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | ഹെൽത്ത് ഗ്രാന്റ് | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| കൈമാറിയ തുകയും പ്രൊഫോർമ ഇൻവോയ്സ് നമ്പരും | 2,81,767 (PRF 2393/07-12-2024)<br>2,39,344 (PRF 2392/07-12-2024)<br>3,00,000 (PRF 3779/21-02-2025) | Bio Safety Cabinet -4,34,966 (PRF 41/24-25/28-10-2024)<br>Centrifuge – 48,597 ( PRF 25/24-25/ 20-09-2024) | 3,46,580 (PRF 4989/13-03-2024) | A.1,26,759 (PRF 3780/21-02-2025)<br>B. 73,241 (PRF 3849/25-02-2025) |
| വൗച്ചർ നം. തീയതി. | 22400766/20-12-2024, Rs.2,39,344<br>22400765/20-12-2024, Rs.2,81,767<br>22400848/10-03-2025, Rs.3,00,000 | 22400399 / 05-12-2024, Rs.4,83,563 | 22400696 / 07-09-2024, Rs.4,08,282 | 22400849/ 10-03-2025, Rs.2,00,000 |
| ലഭിച്ച മരുന്നുകളുടെ/ ഉപകരണങ്ങളുടെ മൂല്യവും ഇൻവോയ്സ് നമ്പരും | Rs. 1,22,809 (PRF 2393/07-12-2024) — Invoice Nos 1727/04-02-2025, Rs.28,348; 295/29-04-2025, Rs.58,984; 472/13-05-2025, Rs.6,899; 807/03-06-2025, Rs.13,010; 1902/08-09-2025, Rs.15,568<br>Rs.1,08,733 (PRF 2392/07-12-2024) — 471/13-05-2025, Rs.8,573; 1903/08-09-2025, Rs.1,00,160<br>Rs. 1,62,400 (PRF 3779/21-02-2025) — 2218/26-03-2025, Rs.22,400; 278/28-04-2025, Rs.71,680; 1201/04-07-2025, Rs.68,320 | ലഭിച്ചിട്ടില്ല. | Invoice Nos.<br>1125/23-11-2024, Rs.97,660<br>1598/18-01-2025, Rs.87,629<br>1687/28-01-2025, Rs.10,690<br>2103/01-03-2025, Rs.20,578<br>207/23-04-2025, Rs.15,297 | 10,693 (PRF 3780/21-02-2025) — Invoice Nos 1203/04-07-2025, Rs.10,693<br>54,363 (PRF 3849/25-02-2025) — 1197/04-07-2025, Rs.21,504; 15/05-04-2025, Rs.32,859 |
| ഓരോ പ്രൊഫോർമ ഇൻവോയ്സ് പ്രകാരവും ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകൾ | Rs. 1,58,958 (PRF 2393/07-12-2024)<br>Rs.1,30,611 (PRF 2392/07-12-2024)<br>Rs. 1,37,600 (PRF 3779/21-02-2025) | Bio Safety Cabinet -4,34,966 (PRF 41/24-25)<br>Centrifuge – 48,597 (PRF 25/24-25) | Rs.1,14,726 | 1,16,066 (PRF 3780/21-02-2025)<br>18,878 (PRF 3849/25-02-2025) |

ലഭിക്കാൻ ബാക്കിയുള്ള മരുന്നുകൾ/ഉപകരണങ്ങൾ എന്നിവ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭിക്കുന്നമുറയ്ക്ക് സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം.05/29-09-2025)

## 1-19 വാങ്ങലുകളിലെ അപാകങ്ങൾ

2024-25 വർഷത്തിൽ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., വടക്കേക്കാട്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ചാവക്കാട് എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രൊജക്റ്റുകൾ മുഖേന ലാപ് ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. Government EMarket Place (GeM) മുഖേനയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റിന്റെ നമ്പരും പേരും | ഫണ്ടിനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | വാങ്ങിയ ലാപ് ടോപ്പുകളുടെ എണ്ണം | ലാപ് ടോപ്പ് സ്പെസിഫിക്കേഷൻ (ഇൻവോയ്സ് പ്രകാരം) | ഇൻവോയ്സ് നം./ തീയതി | വില | വൗച്ചർ നം./ തീയതി | വെണ്ടറുടെ പേര് |
|---|---|---|---|---|---|---|---|---|---|
| 1 | പ്രൊജക്റ്റ് നം. 95/25- വടക്കേക്കാട് സി.എച്ച്.സി. യിലേക്ക് ആവശ്യമായ ഉപകരണങ്ങളും സാധനങ്ങളും വാങ്ങൽ | മെയിന്റനൻസ് ഫണ്ട് - റോഡിതരം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 1 | Acer Intel Core I3-1215U/16GB RAM/512GB Storage/Windows 11 Pro/3 Yrs Warranty<br>Model:TravelLite TL14-52M | VMC/24-25/2840/ 12-03-2025 | 48,000 | 22400872 /14-03-2025 (Rs.134,160) | Viswas Computers, AB Mall, Thrissur Road, Kunnamkulam |
| 2 | | | | 1 | | VMC/24-25/2877/ 15-03-2025 | 48,000 | 22400888 /17-03-2025 (Rs.54,110) | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 3 | പ്രൊജക്ട് നം.-31/25- കൃഷി അസി.ഡയറക്ടർ ഓഫീസിന്റെ പ്രവർത്തന ങ്ങൾക്കുള്ള ഫണ്ട് | മെയിന്റനൻസ് ഫണ്ട് - റോഡിതരം | കൃഷി അസി. ഡയറക്ടർ | 1 | HP-I3/16GB/512GB/ Win11Pro | VCC/24-25/4937/ 15-03-2025 | 48,000 | 22400897/ 19-03-2025 (Rs. 48,000) | |

വാങ്ങലിലെ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം (സ.ഉ.(പ്രി)നം.259/2010/തസ്വഭവ തീയതി.08-11-2010 പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ നടത്തേണ്ടതും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുള്ള ആവശ്യങ്ങൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയ്ക്ക് കൈമാറേണ്ടതുമാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ സെക്രട്ടറി അല്ലെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന വാങ്ങൽ ടീം, ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങലുകൾ നടത്തേണ്ടതുമാണ്.

സ്റ്റോർ പർച്ചേസ് മാനുവൽ അദ്ധ്യായം 19 ൽ പ്രതിപാദിപ്പിക്കുന്ന GeM (Government E-Market Place)ൽ നിന്നും വാങ്ങുമ്പോൾ വാങ്ങുന്നതിന് മുമ്പായി വാങ്ങേണ്ട സാധനത്തിന്റെ സ്പെസിഫിക്കേഷൻ നിശ്ചയിക്കേണ്ടതാണ്. സ്പെസിഫിക്കേഷനുകൾ ഉപയോക്താവിന്റെ യഥാർത്ഥ അനിവാര്യ ആവശ്യങ്ങൾ മാത്രം നിറവേറ്റുന്നതായിരിക്കണം. ആവശ്യത്തിലധികമായുള്ള സ്പെസിഫിക്കേഷനുകൾ അനാവശ്യമായ വിലവർദ്ധനവിനും മത്സരം പരിമിതപ്പെടുത്തുന്നതിനും ഇടയാക്കുന്നതാണ്. സ്പെസിഫിക്കേഷനുകൾ രൂപീകരിക്കുന്ന ഉദ്യോഗസ്ഥൻ / അധികാരി, സ്പെസിഫിക്കേഷനുകളും അനുബന്ധ സാങ്കേതിക വിവരങ്ങളും ഉപയോക്താവിന്റെ ആവശ്യം പൂർണ്ണമായും നിറവേറ്റുന്ന വിധത്തിൽ പൂർണ്ണവും ശരിയും ആണെന്ന് ഉറപ്പ് വരുത്തേണ്ടതും ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

എന്നാൽ വാങ്ങേണ്ട ലാപ് ടോപ്പിന്റെ എണ്ണം, സ്പെസിഫിക്കേഷൻ, വാറന്റി എന്നിവ നിശ്ചയിച്ചുകൊണ്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം ഇല്ല. ലഭിച്ച ലാപ് ടോപ്പുകളുടെ സ്പെസിഫിക്കേഷനുകൾ ഉറപ്പ് വരുത്തിയിട്ടില്ല.

2. മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നടപ്പാക്കിയ പ്രൊജക്ട് പ്രകാരം 48,000 രൂപ വീതം വിലയുള്ള രണ്ട് ലാപ് ടോപ്പുകളാണ് വാങ്ങിയത്. രണ്ട് ലാപ് ടോപ്പുകളുടെ ആകെ വില 96,000 രൂപ ആയതിനാൽ സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 19.6 പ്രകാരം 50,000 രൂപ മുതൽ 10,00,000 രൂപ വരെയുള്ള വാങ്ങലുകൾക്ക് ബാധകമായ വാങ്ങൽ നടപടിക്രമമായ കുറഞ്ഞത് മൂന്നു നിർമ്മാതാക്കളുടെ നിരക്ക് താരതമ്യം ചെയ്തുള്ള വാങ്ങൽ രീതി അനുവർത്തിക്കേണ്ടതായിരുന്നു. എന്നാൽ ഓരോ ലാപ് ടോപ്പും പ്രത്യേകം വാങ്ങിയതിനാൽ 50,000 രൂപയിൽ താഴെയുള്ള വാങ്ങലുകളായി പരിഗണിച്ച് വെണ്ടറിൽ നിന്നും നേരിട്ട് വാങ്ങുകയാണ് ചെയ്തത്. ആയതിനാൽ ലാപ് ടോപ്പുകൾ ലഭ്യമായ ഏറ്റവും മികച്ച വിലയ്ക്കാണ് വാങ്ങിയതെന്ന് ഉറപ്പു വരുത്തുന്നതിന് സാധിച്ചിട്ടില്ല. ഇത് സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 19.9 പ്രകാരം വാങ്ങൽ / ബിഡിംഗ്/ റിവേഴ്സ് ഓക്ഷൻ എന്നിവ ഒഴിവാക്കുന്നതിനോ, അടങ്കൽ തുകയുടെ അടിസ്ഥാനത്തിൽ ഉന്നതാധികാരികളിൽ നിന്നുള്ള അനുമതി ഒഴിവാക്കുന്നതിനോ ആവശ്യമുള്ള സാധനങ്ങളെ ചെറിയ ഘടകങ്ങളാക്കി വിഭജിച്ച് വാങ്ങൽ നടത്തുവാൻ പാടില്ല എന്ന നിർദ്ദേശത്തിന് വിരുദ്ധമാണ്. മെഡിക്കൽ ഓഫീസർ നടത്തിയ വാങ്ങലുകളിലും കൃഷി അസി.ഡയറക്ടറുടെ വാങ്ങലിലും ഒരേ സ്പെസിഫിക്കേഷനുകൾ ഉള്ള വ്യത്യസ്ത ബ്രാൻഡുകളുടെ ലാപ് ടോപ്പുകളാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ബ്രാൻഡ് മൂല്യം പരിഗണിക്കാതെ എല്ലാ ലാപ് ടോപ്പുകൾക്കും ഒരേ വില തന്നെയാണ് ഈടാക്കിയിട്ടുള്ളത്.

3. വാങ്ങൽ നടത്തിയ നിർവ്വഹണ ഉദ്യോഗസ്ഥർ നിരക്കുകളുടെ യുക്തിഭദ്രത (Reasonability Of Rates) സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. സർക്കുലർ നം. 86/2010/ഫിൻ തീയതി 24-09-2010 പ്രകാരം സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. സർക്കുലറിന്റെ അനുബന്ധമായി രജിസ്റ്ററിന്റെ മാതൃക നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് ശിപാർശകൾ

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ വാങ്ങുവാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ മൊത്തം കണക്കെടുപ്പ് നടത്തേണ്ടതും , ആവശ്യകത അനുസരിച്ച് സാധ്യമാകുന്നിടത്തോളം ഒരുമിച്ച് സമാഹരണം നടത്തേണ്ടതാണ്.

2. വാങ്ങേണ്ട സാധനങ്ങളുടെ സ്പെസിഫിക്കേഷൻ മുൻകൂട്ടി തീരുമാനിക്കേണ്ടതും വാങ്ങൽ നടപടികളിൽ ഇതേ സ്പെസിഫിക്കേഷൻ തന്നെ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. സ്പെസിഫിക്കേഷൻ സംബന്ധിച്ച തീരുമാനം ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

3. വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം, നിരക്കുകളുടെ യുക്തിഭദ്രത, സ്പെസിഫിക്കേഷൻ എന്നിവ വാങ്ങൽ അധികാരി ഉറപ്പു വരുത്തേണ്ടതും ആയത് സംബന്ധിച്ച സാക്ഷ്യപത്രം ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

4. ലാപ് ടോപ്പുകൾ, ഡെസ്ക്ക്ടോപ്പുകൾ മുതലായവ വാങ്ങുമ്പോൾ സർക്കുലർ നം. 86/2010/ഫിൻ തീയതി 24-09-2010 പ്രകാരം നിർദ്ദേശിക്കപ്പെട്ട മാതൃകയിലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.07/03-10-2025)

## 1-20 കടപ്പുറം സി.എച്ച്.സി.യിൽ ജനറേറ്റർ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | കടപ്പുറം സി.എച്ച്.സി. ജനറേറ്റർ വാങ്ങൽ – അധിക തുക നൽകൽ (പ്രൊജക്ട് നം.166/25) |
| വകയിരുത്തിയ തുക | ₹2,93,325 |
| ചെലവഴിച്ച തുക | ₹2,93,325 |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് |
| വൗച്ചർ നം./തീയതി | 22400699/12-09-2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., വടക്കേക്കാട് |

കടപ്പുറം സി.എച്ച്.സി.യിൽ 25 KVA ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് PWD/BLDG/EST/4585/2023 തീയതി 22-03-2023 പ്രകാരം സമർപ്പിക്കുകയും 8,47,661 രൂപ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തി 3 തവണ ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിലും ആരും തന്നെ ടെണ്ടർ ക്വാട്ട് ചെയ്യാത്ത സാഹചര്യത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ ബാലൻസ് വരുന്ന തുക അടവാക്കുന്നതിന് തൃശ്ശൂർ പൊതുമരാമത്ത് ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 10-07-2024 ലെ ഇ.എസ്.റ്റി.ഡി.-4585/2023 കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പ്രകാരം എസ്റ്റിമേറ്റ് അധിക തുകയായി 2,57,800 രൂപയും സെന്റേജ് ചാർജ്ജിനത്തിൽ അധികതുകയായി 35,525 രൂപയും യഥാക്രമം 8443-00-108-PW-Deposit DDO Code 1301-59B-006, 0059-80-99-DDO Code 1301-59B-006 എന്നീ ശീർഷകങ്ങളിൽ അടവാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തിക്കായി 2023-24 വർഷത്തിൽ ഡെപ്പോസിറ്റ് ചെയ്ത 8,47,661 രൂപയും 2024-25 വർഷത്തിൽ ഡെപ്പോസിറ്റ് ചെയ്ത 2,93,325 രൂപയുമടക്കം ആകെ 11,40,986 രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ ജനറേറ്റർ സ്ഥാപിച്ചിട്ടില്ല. മേൽ പ്രൊജക്ടിന്റെ

പൂർത്തീകരണത്തിനായി തുടർനടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണ സാക്ഷ്യപത്രം സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം- 07/03-10-2025)

## 1-21 സിഎച്ച്സികളിൽ ഗ്രേ വാട്ടർ സംസ്കരണ സംവിധാനം -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

| | |
|---|---|
| പ്രോജക്ട് | 21/25<br>സി.എച്ച്.സി. കളിൽ ഗ്രേ വാട്ടർ സംസ്കരണ സംവിധാനം |
| ഭരണാനുമതി | 1/1/23-11-2024 |
| സാങ്കേതിക അനുമതി | LSGD/CELSGD/EST-TS/118570/224/511/1-1-2025 |
| ഫണ്ട് | കേന്ദ്രാവിഷ്കൃത ഫണ്ട് (എസ് ബി എം)<br>മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| അടങ്കൽ | 5,00,000 |
| ചെലവ് | 1,50,000 |
| വൗച്ചർ | 22400906/21.3.25 |
| കരാറുകാരൻ | ബിജു കെ സി |
| PAC | 455017 |
| കരാർ | 14/AE/CKD/LID&EW/2024-25/17-2-2025 |
| എസ്റ്റിമേറ്റ് | 5,00,000 |

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള സി.എച്ച്.സി.കളിൽ ഗ്രേ വാട്ടർ സംസ്കരണ സംവിധാനം ഒരുക്കുക എന്നതാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. വടക്കേക്കാട് സി.എച്ച്.സി., വടക്കേക്കാട് സി.എച്ച്.സി. ക്വാർട്ടേഴ്സ്, കടപ്പുറം സി.എച്ച്.സി. എന്നീ ഇടങ്ങളിൽ നിന്നും ലഭിക്കുന്ന മലിനജലം സംസ്കരിച്ച് വെള്ളം സംരക്ഷിക്കുകയും, പ്രോസസ് ചെയ്ത മലിനജലത്തെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്ത് ജലസംരക്ഷണം ആണ് ഉദ്ദേശിക്കുന്നത്. ഇതിനായി മലിനജലം ശേഖരിക്കുന്നതിനായി ചേമ്പർ നിർമ്മിച്ച്, ചേമ്പറിന്റെ ഉൾവശം ബ്രിക്ക് പാർട്സ് ഉപയോഗിച്ച് ഫിൽട്രേഷൻ ലയർ ഉണ്ടാക്കുകയും ചെയ്യുന്നു.

പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം 4,99,578 രൂപയാണ് പ്രവർത്തിയ്ക്കായി ചെലവ് വന്നിട്ടുള്ളത്. എന്നാൽ തൻ വർഷത്തിൽ 1,50,000 രൂപയാണ് പദ്ധതിക്കായി ചെലവ് ചെയ്തിട്ടുള്ളത്. സിവിൽ പ്രവൃത്തികൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ജലശുദ്ധീകരണം നടത്തുന്നതിനാവശ്യമായ പ്രക്രിയകൾ (Physical, Chemical & Biological Process) പ്രവൃത്തിയുടെ ഭാഗമായി നടപ്പാക്കിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കാണപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്വച്ച് ഭാരത് മിഷൻ ഫണ്ട്, മെയിൻറനൻസ് ഗ്രാന്റ് (നോൺറോഡ്) എന്നീ ഫണ്ടുകളാണ് പ്രവർത്തിക്കായി വകയിരുത്തിയിട്ടുള്ളത്. എന്നാൽ പ്രവർത്തിക്കായി തൻവർഷം ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ശുചിത്വമിഷിന്റെ സ്പെസിഫിക്കേഷൻ പ്രകാരമാണോ പ്രവർത്തി നടത്തിയിട്ടുള്ളത് എന്നത് ഫയലിൽ നിന്നും വ്യക്തമാകുന്നില്ല .

2. സി എച്ച്.സി.കളിലെ ബാത്റൂമുകളിൽ നിന്നും മറ്റും ശേഖരിക്കുന്ന മലിനജലം ശേഖരിച്ച് പിന്നീട് എങ്ങനെയാണ് പ്രോസസ് ചെയ്യുന്നത് എന്നുള്ള വിവരവും ഫയലിൽ നിന്ന് ലഭ്യമായിട്ടില്ല .

3. ഓരോ യൂണിറ്റിന് എത്ര ചെലവ് വരും എന്നും, എത്ര ഇടങ്ങളിൽ പ്രവൃത്തി ചെയ്തു എന്നും ഉള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/29.9.25) മറുപടി ലഭ്യമാക്കിയില്ല. ഗ്രേ വാട്ടർ സംസ്കരിച്ച്, ജല സംരക്ഷണം എന്ന ലക്ഷ്യം പ്രോജക്റ്റ് നിർവഹണത്തിലൂടെ നേടിയിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-22 ചാവക്കാട് ക്ഷീര വികസന ഓഫീസിന് കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ- അളവ് തെറ്റായി രേഖപ്പെടുത്തിയതിനാൽ അധികതുക നൽകി

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പരും പേരും | 111/2025-ചാവക്കാട് ക്ഷീര വികസന ഓഫീസിന് കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ (സ്പിൽ ഓവർ) |
| വകയിരുത്തിയ തുക | 21,38,760 (വികസന ഫണ്ട് (ജനറൽ)- 791518<br>തനത് ഫണ്ട് - 13,47,242) |
| ചെലവഴിച്ച തുക | 21,33,097 (വികസന ഫണ്ട് (ജനറൽ)- 791518<br>തനത് ഫണ്ട് - 13,41,579) |
| വൗച്ചർ നം./തീയതി, തുക | 22400768/20-12-2024, ₹3,49,411<br>22400774/01-01-2025, ₹60,856<br>22400624/13-05-2024, ₹3,81,251<br>22400169/20-07-2024, ₹3,66,362<br>22400282/26-09-2024, ₹3,56,559<br>22400333/24-10-2024, ₹2,13,812<br>22400395/20-11-2024, ₹3,46,332<br>22400482/25-01-2025, ₹58,514 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| എസ്റ്റിമേറ്റ് നമ്പർ | LSGD/CELSGD/EST/60627/2023_5_1_1 |
| സാങ്കേതികാനുമതി ഉത്തരവ് നമ്പർ/തീയതി, തുക | LSGD/CELSGD/EST_TS/60627/2023_5_1_1/ 04-08-2023, 41,56,000 |
| എഗ്രിമെന്റ് നമ്പർ | 2/AEE/CKD/LID&EW/2023-24 Dt.05-09-2023 |
| കരാറുകാരന്റെ പേര് | ബാബു കെ.ടി. |

മേൽ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്ന ഇ-എം.ബുക്ക് (LSGD/CELSGD/EST/60627/2023_5_1_1/RE 1) പരിശോധിച്ചപ്പോൾ 8 എം.എം. കമ്പിയുടെ Coefficient തെറ്റായി രേഖപ്പെടുത്തിയതിനാൽ കമ്പിയുടെ തൂക്കം തെറ്റായി അധികമായി രേഖപ്പെടുത്തിയതായി കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| Sl.No. | Spec.Code | M.G.N. | Item | No.Of Units | Length (In Mtr.) | Co-Efficient Recorded In EMB | Quantity Of Steel As Recorded In EMB (Col.5 X 6 X7) (In Kg.) | Actual Co-Efficient Should Have Been Recorded | Actual Quantity Of Steel (Col.5 X 6 X9)In Kg. | Difference In Quantity Of Steel (Col.8-10) (In Kg.) |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1.011 | 5.22.6 -Thermo Mechanically Treated Bars Of Grade Fe-500D Or More | 1_11_7 First Floor Roof Beam | Stirrup 8mm | 17 | 1.30 | 1.578 | 34.874 | 0.395 | 8.730 | 26.14 |
| | | | Stirrup 8mm | 17 | 1.35 | 1.578 | 36.215 | 0.395 | 9.065 | 27.15 |
| | | 1_11_9 First Floor Roof Beam | Stirrup 8mm | 9 | 1 | 1.578 | 14.202 | 0.395 | 3.555 | 10.647 |
| | | 1_11_12 Lintel | First Floor Eastside Northmain 8mm | 1x3 | 3.65 | 0.885 | 9.691 | 0.395 | 4.325 | 5.366 |
| | | | Total | | | | | | | 69.303 |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ ക്രമനമ്പർ 11 പ്രകാരം 7087.157 കി.ഗ്രാം (6242.673+844.484) സ്റ്റീൽ ഉപയോഗിച്ചതിന് കി.ഗ്രാമിന് 84.05 നിരക്കിൽ ₹5,95,675.55 (524696.67+70978.88) അനുവദിച്ചിട്ടുണ്ട്. ഇ-എം.ബുക്കിൽ അധികമായി അളവ് രേഖപ്പെടുത്തിയ 69.303 കി.ഗ്രാം. കമ്പിയുടെ വിലയായ ₹5,825 (69.303Kg. X ₹84.05) രൂപയും ആയതിന്റെ ജി.എസ്.ടി. (18%) ഇനത്തിൽ നൽകിയ 1,049 രൂപയുമടക്കം 6,874 രൂപ തിരികെ അടവാക്കേണ്ടതും ആയതിന്റെ രസീത് സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 08/03-10-2025)

## 1-23 ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം.

ആരോഗ്യ മേഖല ഗ്രാന്റ് - ഉദ്ദേശ്യലക്ഷ്യങ്ങൾ

ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂൾ പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡിസ്പെൻസറികളുമുൾപ്പെടെയുള്ള ആരോഗ്യ-ശുചിത്വ മേഖല, കുടുംബക്ഷേമം മുതലായവ പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021-ലെ OM No. 15(2) FC-XV /FCD/20-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

ഗ്രാമീണ മേഖല

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം.
2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.
3. സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ
4. സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

നഗര പ്രദേശം

5. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
6. സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ

മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യവകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം

സ.ഉ. (സാധാ) നം. 2132/2022/തസ്വഭവ. തീയതി 31-08-2022, സ.ഉ. (സാധാ) നം. 1625/2023/തസ്വഭവ. തീയതി 09-08-2023, സ.ഉ. (സാധാ) നം. 178/2025/തസ്വഭവ. തീയതി 18-01-2025, സ.ഉ. (സാധാ) നം. 2146/2025/തസ്വഭവ. തീയതി 30-08-2025 എന്നീ ഉത്തരവുകൾ പ്രകാരം ആരോഗ്യ മേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം - പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ വികേന്ദ്രീകൃതമായി ആസൂത്രണം ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ പൊതുജനാരോഗ്യ യൂണിറ്റുകൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് മൂന്ന് യൂണിറ്റുകൾ ഉണ്ടായിരിക്കണം. എ) ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റ് ബി) ബ്ലോക്ക് പബ്ലിക് ഹെൽത്ത് ലബോറട്ടറി സി)ബ്ലോക്ക് HMIS (ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) സെൽ. നിലവിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ ബ്ലോക്ക് മെഡിക്കൽ ഓഫീസർ, ഹെൽത്ത് സൂപ്പർവൈസർ, ലേഡി ഹെൽത്ത് സൂപ്പർവൈസർ, ലാബ് ടെക്നീഷ്യൻസ്, ബ്ലോക്ക് പബ്ലിക്ക് റിലേഷൻ ഓഫീസർ എന്നിവർ പ്രവർത്തിക്കുന്നുണ്ട്. ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ പൊതുജനാരോഗ്യ യൂണിറ്റിന്റെ ഭാഗമായിരിക്കും. ഇവരോടൊപ്പം താഴെ പറയുന്നവരുടെ സേവനം കൂടി ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന അധികമായി 2023-24 മുതൽ ഉപയോഗപ്പെടുത്താവുന്നതാണ്. ഇപ്രകാരം നിയോഗിക്കപ്പെടുന്നവർക്ക് വേതനം നൽകുന്നതിന് 2023-24 മുതൽ ലഭിക്കുന്ന ആരോഗ്യ മേഖല ഗ്രാന്റുകൾ വിനിയോഗിക്കാവുന്നതാണ്.

1. Epidemiologist / Entomologist- 1
2. Publc Health Personnel -1
3. Lab Technician – 2
4. Data Manager -1

ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുവാൻ സർക്കാർ തിരഞ്ഞെടുത്ത ആരോഗ്യസ്ഥാപനങ്ങളിൽ, ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകുന്ന ആരോഗ്യഗ്രാന്റ് ഉപയോഗപ്പെടുത്തി, താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

(I) ആരോഗ്യമേഖല ഗ്രാന്റ് ഉപയോഗിച്ച് പുതുതായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് കൂടി പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തൽ- കെട്ടിട നവീകരണം, പാർട്ടീഷനിംഗ്, ലാബ് നവീകരണം മുതലായവ.

(Ii) പൊതുജനാരോഗ്യ പ്രവർത്തനത്തിന് അവശ്യം വേണ്ട വിവരസാങ്കേതികവിദ്യാ ഉപകരണങ്ങൾ വാങ്ങൽ.

(Iii) മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ലാബ് ഉപകരണങ്ങൾ KMSCL വഴി ലഭിക്കും. ഈ ഉപകരണങ്ങൾ പ്രവർത്തിക്കുന്നതിന് മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ലാബ് പ്രവർത്തനത്തിനാവശ്യമായ മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവ ഏറ്റെടുക്കാവുന്നതാണ്.

(Iv) തുക ബാക്കിയുണ്ടെങ്കിൽ ലാബിലേയ്ക്കുള്ള റീയജന്റ്, കിറ്റ് തുടങ്ങിയവ വാങ്ങുന്നതിന് ഉപയോഗിക്കാവുന്നതാണ്.

(V) ലാബിലേയ്ക്കുള്ള റീ ഏജന്റ്, കിറ്റ്,തുടങ്ങിയവ ഉൾപ്പെടെ ലാബിന്റെ പ്രവർത്തനത്തിന് ആവശ്യമായ വാങ്ങലുകൾ, ദൈനംദിന പ്രവർത്തനത്തിന് ആവശ്യമായ ചെലവുകൾ.

(Vi) IEC, പ്രിന്റിംഗ് ആൻഡ് മോണിറ്ററിംഗ് ചെലവുകൾ

(Vii) റിപ്പോർട്ടിംഗ് & മോണിറ്ററിംഗ് ചെലവുകൾ

(Viii) പരിശീലന ചെലവുകൾ

(Ix) ഉപകരണങ്ങൾ വാങ്ങൽ

ഇനം. (I) ന്റെ നിർവ്വഹണം അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ / അസി. എഞ്ചിനീയറും ഇനം (Ii) ന്റെ നിർവ്വഹണം സെക്രട്ടറിയും ഇനം.(Iii) മുതൽ (Ix) വരെയുള്ള ഇനങ്ങളുടെ നിർവ്വഹണം ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറും നിർവ്വഹിക്കേണ്ടതാണ്.

ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വടക്കേക്കാട് സാമൂഹികാരോഗ്യ കേന്ദ്രത്തിനായി 2023-24, 2024-25 വർഷങ്ങളിൽ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | ഹെൽത്ത് ഗ്രാന്റായി ലഭിച്ച തുക | 2023-24 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് രൂപീകരിച്ച പ്രൊജക്റ്റുകളുടെ വിവരങ്ങൾ | | | | | 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് രൂപീകരിച്ച പ്രൊജക്റ്റുകളുടെ വിവരങ്ങൾ | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | പ്രൊജക്ടിന്റെ പേരും നമ്പരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ചെലവഴിക്കാതെ അവശേഷിച്ച തുക | പ്രൊജക്ടിന്റെ പേരും നമ്പരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ചെലവഴിക്കാതെ അവശേഷിച്ച തുക |
| 2023-24 | 27,57,000 | ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രത്തിന് സൗകര്യം മെച്ചപ്പെടുത്തൽ- (131/24) | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 23,57,000 | 13,25,730 | 10,31,270 | ബ്ലോക്ക് പൊതു ജനാരോഗ്യ കേന്ദ്രത്തിന് സൗകര്യം മെച്ചപ്പെടുത്തൽ- സ്പിൽ ഓവർ (156/25) | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 8,81,270 | 8,81,270 | ഇല്ല |
| | | ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രത്തിനാവശ്യമായ വിവരസാങ്കേതിക വിദ്യാ ഉപകരണങ്ങൾ വാങ്ങൽ - (130/24) | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് | 4,00,000 | 66,800 | 3,33,200 | ബ്ലോക്ക് പൊതു ജനാരോഗ്യ കേന്ദ്രത്തിനാവശ്യമായ വിവര സാങ്കേതിക വിദ്യാ ഉപകരണങ്ങൾ വാങ്ങൽ - സ്പിൽ ഓവർ (155/25) | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് | 2,33,200 | 1,37,400 | 95,800 |
| 2024-25 | 4217,000 | | | | | | ബ്ലോക്ക് പൊതു ജനാരോഗ്യ കേന്ദ്രത്തിന് ആവശ്യമായ ലാബ് സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തൽ-182/25 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 15,39,000 | ഇല്ല | 15,39,000 |
| | | | | | | | ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രം തുടർപരിപാലന ചെലവുകൾ - 183/25 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി | 1,78,000 | 5,296 | 1,72,704 |
| | | | | | | | ബ്ലോക്ക് പൊതുജനാരോഗ്യ യൂണിറ്റ് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്കുള്ള സൗകര്യം ഏർപ്പെടുത്തൽ-184/25 | അസി. എഞ്ചിനീയർ, തസ്വഭവ | 25,00,000 | ഇല്ല | 25,00,000 |
| | | | | | | | ബ്ലോക്ക് പൊതുജനാ രോഗ്യ കേന്ദ്രത്തിനാവശ്യമായ ഫർണിച്ചറുകൾ വാങ്ങൽ-169/25 | അസി. എഞ്ചിനീയർ, തസ്വഭവ | 2,50,000 | ഇല്ല | 2,50,000 |
| ആകെ | 69,74,000 | | | 27,57,000 | **13,92,530** | 13,64,470 | | | 55,81,470 | **10,23,966** | 45,57,504 |

ഹെൽത്ത് ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ടിൽ (ബാങ്ക് ഓഫ് ബറോഡ, ചാവക്കാട്, അക്കൗണ്ട് നം.41590100015809) 31-03-2025- ന് പലിശയുൾപ്പെടെ 46,45,557 രൂപ നീക്കിയിരിപ്പുണ്ട്. 2023-24, 2024-25 വർഷങ്ങളിൽ ലഭിച്ച ആകെ ഹെൽത്ത് ഗ്രാന്റിന്റെ 34.65% മാത്രമാണ് ചെലവഴിക്കാനായത്. ലഭിക്കുന്ന ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ചാവക്കാട് ക്ഷീര വികസന ഓഫീസിന് കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ- അളവ് തെറ്റായി രേഖപ്പെടുത്തിയതിനാൽ അധികതുക നൽകി

| | |
|---|---|
| പ്രൊജക്റ്റിന്റെ നമ്പരും പേരും | 111/2025-ചാവക്കാട് ക്ഷീര വികസന ഓഫീസിന് കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ (സ്പിൽ ഓവർ) |
| വകയിരുത്തിയ തുക | 21,38,760 (വികസന ഫണ്ട് (ജനറൽ)- 791518<br>തനത് ഫണ്ട് - 13,47,242) |
| ചെലവഴിച്ച തുക | 21,33,097 (വികസന ഫണ്ട് (ജനറൽ)- 791518<br>തനത് ഫണ്ട് - 13,41,579) |
| വൗച്ചർ നം./തീയതി, തുക | 22400768/20-12-2024, ₹3,49,411<br>22400774/01-01-2025, ₹60,856<br>22400624/13-05-2024, ₹3,81,251<br>22400169/20-07-2024, ₹3,66,362<br>22400282/26-09-2024, ₹3,56,559<br>22400333/24-10-2024, ₹2,13,812<br>22400395/20-11-2024, ₹3,46,332<br>22400482/25-01-2025, ₹58,514 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| എസ്റ്റിമേറ്റ് നമ്പർ | LSGD/CELSGD/EST/60627/2023_5_1_1 |
| സാങ്കേതികാനുമതി ഉത്തരവ് നമ്പർ/തീയതി, തുക | LSGD/CELSGD/EST_TS/60627/2023_5_1_1/ 04-08-2023, ₹41,56,000 |
| എഗ്രിമെന്റ് നമ്പർ | 2/AEE/CKD/LID&EW/2023-24 Dt.05-09-2023 |
| കരാറുകാരന്റെ പേര് | ബാബു.കെ.ടി. |

മേൽ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്ന ഇ-എം.ബുക്ക് (LSGD/CELSGD/EST/60627/2023_5_1_1/RE 1) പരിശോധിച്ചപ്പോൾ 8 എം.എം. കമ്പിയുടെ Coefficient തെറ്റായി രേഖപ്പെടുത്തിയതിനാൽ കമ്പിയുടെ തൂക്കം തെറ്റായി അധികമായി രേഖപ്പെടുത്തിയതായി കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| Sl.No. | Spec.Code | M.G.N. | Item | No.Of Units | Length (In Mtr.) | Co-Efficient Recorded In EMB | Quantity Of Steel As Recorded In EMB (Col.5 X 6 X7) (In Kg.) | Actual Co-Efficient Should Have Been Recorded | Actual Quantity Of Steel (Col.5 X 6 X9)In Kg. | Difference In Quantity Of Steel (Col.8-10) (In Kg.) |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1.011 | 5.22.6 -Thermo Mechanically Treated Bars Of Grade Fe-500D Or More | 1_11_7 First Floor Roof Beam | Stirrup 8mm | 17 | 1.30 | 1.578 | 34.874 | 0.395 | 8.730 | 26.14 |
| | | | Stirrup 8mm | 17 | 1.35 | 1.578 | 36.215 | 0.395 | 9.065 | 27.15 |
| | | 1_11_9 First Floor Roof Beam | Stirrup 8mm | 9 | 1 | 1.578 | 14.202 | 0.395 | 3.555 | 10.647 |
| | | 1_11_12 Lintel | First Floor Eastside Northmain 8mm | 1x3 | 3.65 | 0.885 | 9.691 | 0.395 | 4.325 | 5.366 |
| | | | Total | | | | | | | 69.303 |

മേൽ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ ക്രമനമ്പർ 11 പ്രകാരം 7087.157 കി.ഗ്രാം. (6242.673+844.484) സ്റ്റീൽ ഉപയോഗിച്ചതിന് കി.ഗ്രാമിന് 84.05 നിരക്കിൽ ₹5,95,675.55 (524696.67+70978.88) അനുവദിച്ചിട്ടുണ്ട്. ഇ-എം.ബുക്കിൽ അധികമായി അളവ് രേഖപ്പെടുത്തിയ 69.303 കി.ഗ്രാം. കമ്പിയുടെ വിലയായ ₹5,825 (69.303Kg. X ₹84.05) രൂപയും ആയതിന്റെ ജി.എസ്.ടി. (18%) ഇനത്തിൽ നൽകിയ 1,049 രൂപയുമടക്കം 6,874 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ അടവാക്കേണ്ടതും ആയതിന്റെ രസീത് സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 08/03-10-2025)

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ, പേര് | വൗച്ചർ നമ്പർ/ തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനർട്ട് | കടപ്പുറം, വടക്കേക്കാട് സി.എച്ച്.സി-കളിൽ സൗരോർജ സംവിധാനം ഒരുക്കൽ | 22400900/ 19.03.2025 | 9,90,000 | 0 | 9,90,000 |
| കെ.എസ്.ഇ.ബി. | കപ്ലേങ്ങാട്ട് പാടശേഖരത്തിലേക്ക് | 22400613/ 13.05.2024 | 5,00,000 | 0 | 5,00,000 |

| | | | | | |
|---|---|---|---|---|---|
| | കാർഷികാവശ്യത്തിനായി വൈദ്യുതി ലൈൻ വലിക്കൽ | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 2-4 | 2008-09 | 3.7 & 3.7.3 | വിവിധ ആവശ്യങ്ങൾക്കായി തുകകൾ ചെലവഴിച്ചതിന് രേഖകളില്ല | പരാമർശം നിലനിൽക്കുന്നു. |
| 1997-98 | 2-6 | 2008-09 | 3.7.3 | വിവിധ ആവശ്യങ്ങൾക്കായി തുകകൾ ചെലവഴിച്ചതിന് രേഖകളില്ല | പരാമർശം നിലനിൽക്കുന്നു. |
| 2000-01 | 2-4(ബി) | 2008-09 | 3.7.3 | വിവിധ ആവശ്യങ്ങൾക്കായി തുകകൾ ചെലവഴിച്ചതിന് രേഖകളില്ല | പരാമർശം നിലനിൽക്കുന്നു. |
| 2000-01 | 2-7 | 2008-09 | 3.7.3 | വിവിധ ആവശ്യങ്ങൾക്കായി തുകകൾ ചെലവഴിച്ചതിന് രേഖകളില്ല | പരാമർശം നിലനിൽക്കുന്നു. |
| 2000-01 | 2-9 | 2008-09 | 3.7.3 | വിവിധ ആവശ്യങ്ങൾക്കായി തുകകൾ ചെലവഴിച്ചതിന് രേഖകളില്ല | പരാമർശം നിലനിൽക്കുന്നു. |
| 2009-10 | 3(3) | 2012-13 | 4.5.2 | ലക്ഷങ്ങൾ വിലയുള്ള കൊയ്ത്ത് -മെതിയന്ത്രം ഉപയോഗിക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 89,12,746 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,88,98,583 |
| ആകെ | 9,78,11,329 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,27,59,964 |
| നീക്കിയിരിപ്പ് | 1,50,51,365 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6,874 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 45,000 |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വാർഷിക കണക്കിന്റെ റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇതിന്റെ വരവിലും ചെലവിലും സർക്കാരിൽ നിന്ന് ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല.

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

| | | |
|---|---|---|
| 3-1 | 6,874 | ശ്രീ. സനിൽകുമാർ എം. വി., അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 6,874 | |

**(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 45,000 | ശ്രീ. വർഗ്ഗീസ് സി. എ., സെക്രട്ടറി |
| ആകെ | 45,000 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സനിൽകുമാർ എം. വി., അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്, ചേർപ്പ് | മണി ഹൗസ്, വിദ്യ നഗർ, വിയ്യൂർ പി.ഒ., തൃശ്ശൂർ – 680010<br>Ph : 9447500410<br>E-Mail: Sanilkumarmv@Gmail.Com |
| ശ്രീ. വർഗ്ഗീസ് സി. എ., സെക്രട്ടറി | സെക്രട്ടറി, ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് | ചിറ്റിലപ്പിള്ളി ഹൗസ്, തളിക്കുളം പി.ഒ. - 680618<br>Ph : 9745599025<br>Email: Varghesecatkm@Gmail.Com |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/CH/SCH) |
|---|---|---|---|---|---|
| 1 | 1996-97 വരവ് | LFT-21/871/09 Dt.10.06.10/12.10.10 | 2 | 2-1, 2-2 | |
| 2 | 1997-98 വരവ് | LFT21/872/09 Dt.10.06.2010 | 4 | 2-1, 2-2, 2-3, 2-6 | 2-6(CAR) |
| 3 | 1998-99 വരവ് | LFT21-873/09 Dt.10.06.10/12.10.10 | 2 | 2-1, 2-2 | |
| 4 | 1999-00 ചെലവ് | LFT-21-2184/07 Dt.7.06.08/ 2.09.08 | 11 | 2-4, 2-5, 2-8, 2-9, 2-10(2), 2-11, 2-12(1,2), 2-13, 2-14, 2-15, 2-16 | 2-4(CAR) |
| 5 | 2000-01 ചെലവ് | LFT21-2178/07 Dt.24.05.2008 | 4 | 2-4എ, 2-4ബി, 2-7, 2-9 | 2-4ബി, 2-7, 2-9 (CAR) |
| 6 | 2001-02 | LFT21-1951/09 Dt.18.1.2011/06.9.2011 | 6 | 3-2(ഡി), 3-3(1,2,4,5), 3-4 | |
| 7 | 2002-03 | LFT21-1952/09 Dt.18.01.2011/ 06.09.2011 | 3 | 3-2(സി)(1), 3-5(1,2,3,4,6,7,8), 3-6 | |
| 8 | 2003-04 | LFT21-1953/09 Dt.21.1.11/6.9.11 | 2 | 3-12, 3-14 | |
| 9 | 2004-05 | LFT21-1948/09 Dt.21.01.11/7.9.11 | 4 | 3-1, 3-2(2), 3-3, 3-5 | |
| 10 | 2005-06 | LFT21/1991/09 Dt.21.01.11/7.9.2011 | 15 | 3-1, 3-2, 3-3, 3-4, 3-5, 3-6(എ)(6)(47)(48) | |
| | | | | 3-6(ബി)(1)(3)(5)(6)(7)(8) | |
| | | | | 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-15 | |
| 11 | 2006-07 | LFT21-1992/09 Dt.21.01.2011/07.09.11 | 6 | 2-1, 3-2(3), 3-4, 3-6(എ,ബി), 3-7 | |
| 12 | 2007-08 | LFT(BP)1110/2012 Dt.16.10.2012/ 10.01.2013 | 6 | 3-1, 3-2, 3-3, 3-4, 3-5, 3-6 | |
| 13 | 2008-09 | LFT(BP)1111/2012 Dt.16.10.12 | 10 | 1-1, 1-2, 1-3, 1-4, 1-5, 3-1, 3-2, 3-3, 3-4(എ)), 3-5 | |
| 14 | 2009-10 | LFT(BP)1112/2012 Dt.18.10.12/10.01.13 | 1 | 3-3 | 3-3(CAR) |

| | | | | | |
|---|---|---|---|---|---|
| 15 | 2010-11 | LFT(BP)1113/2012 Dt.18.10.22/10.01.13 | 13 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10 | |
| 16 | 2011-12 | LFT(BP)1650/13 Dt.6.2.14/14.3.14 | 5 | 2-4, 3-1, 3-7, 3-8, 3-9 | |
| 17 | 2012-13 | LFT-BP-1183/2014 Dt.14.10.14 | 4 | 3-2, 3-5, 3-9, 3-12(2,3) | |
| 18 | 2013-14 | KSA/TSR/BP/54/16 Dt.11.01.16 | 12 | 3-1എ,ബി, 3-2, 3-3, 3-4, 3-5, 3-6, 3-8, 3-10, 3-11, 3-12, 3-13 | |
| 19 | 2014-15& 2015-16 | KSA/TSR/BP1-654/17 Dt.31.5.17/07.06.17 | 7 | 3-1(ബി), 3-5, 3-6, 3-8, 3-10, 3-11, 3-12 | |
| 20 | 2016-17 | KSA/TSR/BP1/981/17 Dt.12.07.2017 | 2 | 2-1, 3-7 | |
| 21 | 2017-18 | KSA/TSR/BP1/134/2019 Dt.20.4.19/03.05.19 | 9 | 3-2(1,3,4,5,6), 3-5, 3-7, 3-8, 3-9, 3-11, 3-12, 3-13, 3-14 | |
| 22 | 2018-19 | KSA/TSR/BP1/36/2020 Dt.8.6.20 | 13 | 1-7, 1-9, 1-10, 1-11, 1-12, 1-13, 1-17, 1-18, 1-19, 1-21, 1-24, 1-26, 4-9 | |
| 23 | 2019-20 | KSA/TSR/P4/597/2022 Dt.24.5.22 | 37 | 1-1, 1-2, 1-3, 1-4, 1-5, 1-6, 1-7, 1-8, 1-9, 1-9-1, 1-9-2, 1-9-3, 1-9-4, 1-9-5, 1-9-6, 1-9-7, 1-9-8, 1-9-9, 1-9-10, 1-9-11, 1-9-12, 1-9-13, 1-9-14, 1-9-15, 1-9-16, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 4-1, 4-2, 4-3, 4-4, 4-5, 4-6, 4-7, 4-8, 4-9, 4-10 | |
| 24 | 2020-21 | KSA/TSR/P4/598/2022 Dt.24.5.22 | 27 | 1-9-1, 1-9-2,1-9-4, 1-9-5, 1-9-6, 1-9-7, 1-9-8, 1-9-9, 1-9-11, 1-9-12, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-19, 1-20, 1-21, 1-22, 1-23, 1-24, 4-1, 4-2, 4-4, 4-10 | |
| 25 | 2021-22 | KSA/TSR/P4/598/2022 Dt.24.5.22 | 13 | 1-8, 1-8-1, 1-8-2, 1-8-3, 1-8-4, 1-8-5, 1-8-6, 1-8-7, 1-8-8, 1-8-9, 1-8-10, 1-8-11, 1-8-12, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 4-4, 4-10 | |
| 26 | 2022-23 | KSA/TSR/P4/1201/2023 Dt.06.10.2023 | 09 | 1-1 (1-1-1 മുതൽ 1-1-15 വരെ) 1-4, 1-8, 1-9, 1-10, 1-14, 1-17, 4-4, 4-10 | |
| 27 | 2023-24 | KSA/TSR/P4/959/2024 Dt.23.07.2024 | 13 | 1-1(1-1-1 മുതൽ 1-1-17 വരെ) ,1-3,1-8,1-10,1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20 | |
| | **ആകെ** | | **240** | | |

**ജോയിന്റ് ഡയറക്ടർ**

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 2 dated 2/1 dated 28-06-2025 and submitted on 28-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Chavakkad Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Chavakkad Block Panchayat as on 31-03-2025

**Date: 10/11/2025** **Joint Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Chavakkad Block Panchayat for the Year 2024-2025.**

## 1.Major Observations

1.The Assets not owned by the Block Panchayat are included in the Annual Financial Statement.

| Head of Account | Amount |
|---|---|
| 410300101-Roads-Cement concrete | 1,65,771 |
| 410300102-Roads Tarred | 7878624 |
| 410300103-Roads Metal | 5872682 |
| 410300104-Roads Gravel | 798909 |
| 410300105-Roads earthern | 1820680 |
| 410300301-Culverts | 4204021 |
| 410300302-Bridges | 11412 |
| 410400101-Drinking Water - sources | 1229850 |
| 410400103-Drinking Water - Pipe lines | 97353 |

## 2.Other Observations

1) The misclassification of payment vouchers has led to discrepancies in the Income & Expenditure statement, impacting the Balance Sheet.

The transaction should have been recorded under the Advance account rather than as revenue/Asset expenditure.The details are as follows:

| Sl no | Implementing Agency | Project No & Name | Fund | Voucher No/Date | Advance Amount | Booked Account Head |
|---|---|---|---|---|---|---|
| 1 | ANERT | 96/25<br>Implementaion of solar panel in Kadappuram, Vadakkekkad CHC | maintenance fund-non road | 22400900/<br>19.03.2025 | 9,90,000 | 412010101 |

2) Payment voucher misclassifications which lead to in discrepancy in the outcome of Income & Expenditure statement and also affect the financial status of institution as per Balance Sheet. The following transactions are booked as revenue expenditure instead of being booked under the corresponding Advance head.

| Project Name & Number | Amount | Voucher number/date | Amount of Medicine received | Balance amount to be booked in Advance head | Fund | Expenditure booked Head code |
|---|---|---|---|---|---|---|
| Purchase of medicines to CHC, Vadakkekkad, Kadappuram (90/25) | 2,39,344 | 22400766/ 20.12.2024 | 1,08,733 | 1,30,611 | Maintenance Fund - Non-Road | 251200401- medicines general |
| | 2,81,764 | 22400765/ 20.12.2024 | 1,22,809 | 1,58,955 | Maintenance Fund - Non-Road | |
| | 3,00,000 | 22400848/ 10.03.2025 | 1,62,400 | 1,37,600 | Maintenance Fund - Non-Road | |
| Purchase of medicines to CHC, Vadakkekkad, Kadappuram (148/25)SO | 4,08,282 | 22400696 / 07.09.2024 | 2,31,854 | 1,76,428 | Maintenance Fund - Non-Road | |
| Purchase of medicines to CHC Vadakkekkad, Kadappuram (89/25) | 1,76,428 | 22400849/ 10.03.2025 | 65,056 | 1,34,944 | Maintenance Fund - Non-Road | |

3) a) Comments relating to Income and Expenditure Account

Prior period item-Authenticated vouchers and worksheets are not maintained to verify the authenticity of the journal entries in the schedules.

4) Comments relating to Balance Sheet

1.The grant amount displayed as a liability in the balance sheet (Schedule B4) does not match with the bank account opened for the specific grant (B17).

| Sl No | Liability | Amount | Head code/Bank Account | Balance in the bank account |
|---|---|---|---|---|
| 1 | Development Fund - Central Finance Commission Grant - Basic Tax Grant | 35,61,932 | 450650104<br>BANK OF BARODA<br>(A/c No : 415901000015350) | 87,94,248 |
| | Development Fund - Central Finance Commission Grant- Fund | 27,86,366<br>Total : 63,48,298 | | |
| 2 | 320900101-Nirmal puraskar | 31,161 | 450680101<br>Guruvayur Cooperative Urban Bank<br>(A/c No :103100050003650) | 7,50,683 |

5) Comments relating to Receipt and Payment Statement

Nil

d) Comments relating to Cashflow Statement

As per the Cash flow Statement the net increase in cash and cash equivalents recorded for the 2024-25 period is Rs.6138619 in the same statement the net cash generated by operating + investing + financing activity for the period is recorded as Rs.8539188. According to the accepted accounting standard, the above two amounts should tally, however the two amounts in the statement do not match.

The mandatory Financial Statements prescribed in Accounting such as notes to accounts and ratios were not included in AFS.

6) Comments relating to Journal Vouchers

Authentic certified vouchers and worksheets not maintained for all journal vouchers.

7) Comments relating to Bank Reconciliation Statement

Nil

l) Comments relating to Demand, Collection and Balance Register

1. DCB Statement of rent & auction does not match with accounts.

| **Rent** | Demand | Collection | Balance |
|---|---|---|---|
| According to AFS | 62,304 | 59,312 | 5,192 |
| According to Register | 52,800 | 48,400 | 4400 |

| **Auction** | Demand | Collection | Balance |
|---|---|---|---|
| According to AFS | 36,045 | 36,045 | 0 |
| According to Register | 63,822 | 63,822 | 0 |

8) Comments relating to Asset Register

The Asset value shown in Balance Sheet is not traceable to Asset Register due to unsupported model of existing asset register.

9) Expenditure amount of development fund general and block panchayath share mismatch with sulekha Statement.

| Fund | According to Sulekha Statement | According to AFS | Difference |
|---|---|---|---|
| Development Fund CFC | 88,61,574 | 88,90,746 | 29,172 |
| Other Revenue Grant (Health Grant) | 10,23,966 | 10,00,721 | 23,245 |

**JOINT DIRECTOR**

**Kerala State Audit Department**

**District Audit Office, Thrissur**

## <u>അനുബന്ധം-2</u>
## <u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

തൃശൂർ ജില്ലയിലെ ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3
## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

**Chavakkad Block Panchayat**
**BALANCE SHEET**
For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 29503558.00 |
| 312000000 | Reserves | B-3 | 35700050.00 |
| | **Total Reserve & Surplus** | | **65203608.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 14770843.00 |
| | **Total Grants, Contributions for Specific Purposes** | | **14770843.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.0 |
| | **Total Loans** | | **0.0** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 291984.00 |
| 350000000 | Other Liabilities | B-9 | 779712.00 |
| | **Total Current Liabilities and Provisions** | | **1071696.00** |
| | **TOTAL LIABILITIES** | | **81046147.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 61512156.00 |
| 411000000 | Accumulated Depreciation | B-11 | -31875663.00 |
| 412000000 | Capital Work in Progress | B-11(a) | 17180436.00 |
| | **Total Fixed Assets** | | **46816929.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 18755351.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 15051365.00 |
| 460000000 | Loans, Advances and Deposits | B-18 | 422502.00 |
| | **Total Current Assets, Loans and Advances** | | **34229218.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |

Page No : 1

Digitally signed by Varghe
Date: 2025.08.28 10:42:
Reason: Approval
Location: Kerala

| | | |
|---|---|---|
| | **TOTAL ASSETS** | **81046147.00** |

**Chavakkad Block Panchayat**
**INCOME & EXPENDITURE STATEMENT**
For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 77354.00 |
| 140000000 | Fee & User Charges | I-4(b) | 31183.00 |
| 150000000 | Sale & Hire Charges | I-5(b) | 138370.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 79210458.00 |
| 171000000 | Interest Earned | I-8 | 39278.00 |
| 180000000 | Other Income | I-9 | 0.0 |
| | **Total Income** | | **79496643.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 4913058.00 |
| 220000000 | Administrative Expenses | I-11(b) | 2551943.00 |
| 230000000 | Operations & Maintenance | I-12(b) | 1870275.00 |
| 240000000 | Interest & Finance Charges | I-13 | 137813.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7279633.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 29050296.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5679250.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 101079.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 470406.00 |
| 255000000 | Maintenance Projects | I-14(e) | 2747066.00 |
| 272000000 | Depreciation | I-17(a) | 5709358.00 |
| | **Total Expenditure** | | **60510177.00** |
| | **Gross Surplus / Deficit of income over Expenditure** | | **18986466.00** |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 220212.00 |
| | **Net difference (Prior period Income - Prior period Expenditure)** | | **18766254.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |



Digitally signed by Varghe
Date: 2025.06.28 15:44:0
Reason: Approval
Location: Kerala

**Chavakkad Block Panchayat**
**RECEIPT & PAYMENT STATEMENT**

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 8912746.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 130000000 | Rental income from Panchayat Properties | RP-3 | 15050.00 |
| 140000000 | Fees & User Charges | RP-4 | 31183.00 |
| 150000000 | Sale & Hire Charges | RP-5 | 138370.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 67499976.00 |
| 171000000 | Interest Earned | RP-9 | 39278.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 19910393.00 |
| 350000000 | Other Liabilities | RP-36 | 62160.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-34 | 432095.00 |
| 350000000 | Other Liabilities | RP-36 | 137780.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 59312.00 |
| 460000000 | Loans, Advances and Deposits | RP-47 | 572986.00 |
| | **Grand total** | | **97811329.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 4913058.00 |
| 220000000 | Administrative Expenses | RP-12 | 2551943.00 |
| 230000000 | Operations & Maintenance | RP-13 | 1870275.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4821382.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 29050296.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5785087.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 101079.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 470406.00 |
| 255000000 | Maintenance Projects | RP-20 | 2747066.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 220212.00 |



Digitally signed by Varghe
Date: 2025.06.28 15:44
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 6638188.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 137813.00 |
| 340000000 | Deposits Received | RP-34 | 415552.00 |
| 350000000 | Other Liabilities | RP-36 | 166131.00 |
| 410000000 | Fixed Assets | RP-38 | 5703252.00 |
| 412000000 | Capital work in Progress | RP-40 | 8519458.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8096036.00 |
| 460000000 | Loans, Advances and Deposits | RP-47 | 552730.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 15051365.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **97811329.00** |



**JOINT DIRECTOR**